**(രജിസ്റ്റർ ചെയ്ത് കൈപ്പറ്റ് ചീട്ട് സഹിതം)**

**നം.കെ.എസ്.എ-ഐ.ഡി.കെ-13/985/2019**

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ഇടുക്കി ജില്ലാ ഓഡിറ്റ് കാര്യാലയം
തൊടുപുഴ – 685 584
ഫോൺ : 04862–227332
*ഇ-മെയിൽ : doidk.ksad@kerala.gov.in*

തീയതി. 03.01.2020

**സീനിയർ ഡെപ്യൂട്ടി ഡയറക്ടർ**

**പ്രസിഡന്റ്** (സെക്രട്ടറി മുഖേന)

വാത്തിക്കുടി ഗ്രാമപഞ്ചായത്ത്

സർ

**വിഷയം :- വാത്തിക്കുടി ഗ്രാമപഞ്ചായത്ത് - 2018-19 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്**

****************************************

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **വാത്തിക്കുടി** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ **ഭാഗം 1, 3** ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ് (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14, 15).

റിപ്പോർട്ട് കൈപ്പറ്റി രണ്ട് മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച് തരേണ്ടതുമാണ് (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20, 23. 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1), (2) എന്നിവ കാണുക).

വിശ്വസ്തതയോടെ

**ഡെപ്യൂട്ടി ഡയറക്ടർ**

**പകർപ്പ് :** 1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് , തിരുവനന്തപുരം(ഇ-മെയിൽ മുഖാന്തിരം).

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ഇടുക്കി-തൊടുപുഴ.

3) കാര്യാലയ പകർപ്പ്.

<u>നം.കെ.എസ്.എ-ഐ.ഡി.കെ-13/985/2019</u> **തീയതി : 03.01.2020**

**<u>ഇടുക്കി ജില്ലയിലെ വാത്തിക്കുടി ഗ്രാമപഞ്ചായത്തിന്റെ 2018-19</u>**
**<u>സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്</u>**

**(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം - വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)**

************************************

ഇടുക്കി ജില്ലയിലെ **വാത്തിക്കുടി** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ ധനകാര്യ പത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് **20.10.2018** മുതൽ **19.10.2019** തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.
ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ **6** എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും സ്ഥാപനം ഓഡിറ്റിന് ലഭ്യമാക്കാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | |
|---|---|
| **ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ** | ശ്രീമതി. ബേബി സനൂജ, ഡെപ്യൂട്ടി ഡയറക്ടർ |
| **ഓഡിറ്റിന് വിനിയോഗിച്ച സമയം** | 21.10.2019 മുതൽ 26.10.2019 വരെ |

| | | |
|---|---|---|
| **ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ** | ശ്രീ. എം. റ്റി. സോമൻ | ഓഡിറ്റ് ഓഫീസർ |
| | ശ്രീ. മുഹ്സിൻ ഫൈസൽ | അസ്സിസ്റ്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി. അനീറ്റ പി. സാമുവൽ | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ആർ. സാമുവൽ രാജ് | സീനിയർ ഗ്രേഡ് ഓഡിറ്റർ |

| | | |
|---|---|---|
| | ശ്രീ. ബെന്നി മാത്യു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ. ജോമോൻ ഫ്രാൻസീസ് | ഓഡിറ്റർ |

**(ബി) നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| **പ്രസിഡന്റ്** | ശ്രീ. പി. കെ. രാജു | 01.04.2018മുതൽ 31.03.2019വരെ |
| **സെക്രട്ടറി** | ശ്രീ. കെ. രാജു | 01.04.2018 മുതൽ 21.04.2018 വരെ |
| | ശ്രീമതി. യേശുദാസി. എസ്. മേരി (എച്ച്.സി.- **സെക്രട്ടറിയുടെഅധിക ചുമതല)** | 22.04.2018 മുതൽ 25.06.2018 വരെ |
| | ശ്രീ. എ. കെ. രാജൻ | 26.06.2018 മുതൽ 31.03.2019 വരെ |
| | **<u>നിർവ്വഹണ ഉദ്യോഗസ്ഥർ</u>** | |
| **ഉദ്യോഗപ്പേര്** | **പേര്** | **കാലയളവ്** |
| **കൃഷി ഓഫീസർ** | ശ്രീമതി. ജോസ്ന ജോസ് | 01.04.2018 മുതൽ 31.03.2019 വരെ |
| **വെറ്ററിനറി സർജൻ** | ഡോ. റോമിയോ സണ്ണി | 01.04.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽഓഫീസർ(സി.എച്ച്.സി.)** | ഡോ. ചന്തു എ. എസ്. | 01.04.2018 മുതൽ 28.02.2019 വരെ |
| | ഡോ. രാഹുൽ രാമചന്ദ്രൻ | 01.03.2019 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ(ഹോമിയോ)** | ഡോ. മുഹ്സീന എം. റ്റി. | 01.04.2018 മുതൽ 19.07.2018 വരെ |
| | ഡോ. ക്രിസ്റ്റീ ജോൺ സാം | 20.07.2018 മുതൽ 03.12.2018 വരെ |
| | ഡോ. സൌമ്യ കെ. | 04.12.2018 മുതൽ 31.03.2019 വരെ |
| **മെഡിക്കൽ ഓഫീസർ(ആയുർവേദം)** | ഡോ. കൃഷ്ണപ്രിയ കെ. ബി. | 01.04.2018 മുതൽ 31.03.2019 വരെ |
| **ഐ.സി.ഡി.എസ്. സൂപ്പർവൈസർ** | ശ്രീമതി. കെ. പി. ജോളി | 01.04.2018 മുതൽ 25.09.2018 വരെ |

| | | |
|---|---|---|
| | ശ്രീമതി. ബീന എൻ. കെ. | 26.09.2018 മുതൽ 31.03.2019 വരെ |
| **ഡയറി ഫാം ഇൻസ്പെക്ടർ** | ശ്രീ. ഓമനക്കുട്ടൻ | 01.04.2018 മുതൽ 16.07.2018 വരെ |
| | ശ്രീ. ബിനാഷ് തോമസ് | 17.07.2018 മുതൽ 31.03.2019 വരെ |
| **വി.ഇ.ഒ.** | ശ്രീ. ശശീന്ദ്രൻ കെ. എൽ. | 01.04.2018 മുതൽ 31.03.2019 വരെ |
| **അസിസ്റ്റന്റ് എഞ്ചിനിയർ** | ശ്രീ. കെ. പി. വിജയൻ | 01.04.2018 മുതൽ 31.03.2019 വരെ |
| **അസിസ്റ്റന്റ് സെക്രട്ടറി** | ശ്രീ. റ്റി. ജെ. ജോൺസൻ | 01.04.2018 മുതൽ 26.04.2018 വരെ |
| | ശ്രീമതി. യേശുദാസി എസ്. മേരി (എച്ച്.സി.-**അസി.സെക്രട്ടറിയുടെഅധിക ചുമതല)** | 27.04.2018 മുതൽ 01.07.2018 വരെ |
| | ശ്രീ. സജീവ് പി. പി. | 02.07.2018 മുതൽ 31.03.2019 വരെ |

**<u>ഉള്ളടക്കം</u>**


| **ക്രമ നം.** | **ഖണ്ഡിക നം.** | **ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികകൾ** |
|---|---|---|
| | | **ഭാഗം – 1 (പൊതുഅവലോകനം)** |
| 1 | 1-1 | ബജറ്റ് |
| 2 | 1-2 | വാർഷിക ധനകാര്യ പത്രിക |
| 3 | 1-3 | സാമ്പത്തിക വിശകലനം |
| 4 | 1-4 | ഫണ്ട് വിനിയോഗം |
| 5 | 1-5 | പദ്ധതി അവലോകനം |
| 6 | 1-6 | തൊഴിലുറപ്പ് പദ്ധതി |
| 7 | 1-7 | ക്ഷേമ പദ്ധതികൾ |
| 8 | 1-8 | ക്യാഷ് പരിശോധന |
| 9 | 1-9 | ആഭ്യന്തര നിയന്ത്രണം |
| 10 | 1-10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 11 | 1-11 | വാർഷിക കണക്കുകളിലെ അപാകതകൾ |

| | | |
|---|---|---|
| 12 | 1-12 | ഡി. ആന്റ് ഒ. ലൈസൻസ് – അപാകതകൾ |
| 13 | 1-13 | വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല |
| 14 | 1-14 | വസ്തു നികുതി |
| 15 | 1-15 | അംഗൻവാടി പോഷകാഹാരം – ബാങ്കിന് അധിക തുക നൽകി |
| 16 | 1-16 | സർക്കാർ മാനദണ്ഡം പാലിച്ചില്ല - ചെലവ് തടസ്സം ₹1,11,597/- |
| 17 | 1-17 | ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ – മരുന്ന് ലഭ്യമാക്കാത്തത് |
| 18 | 1-18 | എച്ച്.എം.സി. – വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല |
| 19 | 1-19 | ചാണകം ഉണക്കിപ്പൊടിക്കുന്നതിനുള്ള മെഷിൻ വാങ്ങി നൽകൽ – നൂതന പ്രോജക്ട് – ലഘു അവലോകനം |
| 20 | 1-20 | ലൈഫ് ഭവന പദ്ധതി പദ്ധതി – ഭവന വേല പൂർത്തികരിച്ചിട്ടില്ല |
| 21 | 1-21 | ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിയ്ക്കുന്നില്ല |
| 22 | 1-22 | ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല |
| 23 | 1-23 | പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സോളിംഗ് മാത്രമായി നടപ്പാക്കുന്നു |
| 24 | 1-24 | സർക്കാർ ഉത്തരവിന് വിരുദ്ധമായി 'ശ്രദ്ധ' എന്ന പേരിൽ വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പും ബോധവൽക്കരണവും |
| 25 | 1-25 | അടിസ്ഥാന സൌകര്യങ്ങൾ ലഭ്യമാക്കി മുൻവർഷത്തെ പദ്ധതി പൂർത്തിയാക്കാതെ അതേ പദ്ധതി തൻവർഷം നടപ്പിലാക്കിയത് |
| 26 | 1-26 | തുടർ പദ്ധതികളില്ലാതെ കെട്ടിടങ്ങൾ നിർമ്മിച്ചത് |
| 27 | 1-27 | **2 കോടി**യിലേറെ ചെലവഴിച്ചിട്ടും പണി തീരാത്ത ഷോപ്പിംഗ് കോംപ്ലക്സ് |
| 28 | 1-28 | വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു |
| 29 | 1-29 | ഓഡിറ്റ് ഇംപാക്ട് – അധികം നൽകിയ തുക തിരികെ ഈടാക്കി |
| 30 | 1-30 | ലൈഫ് പദ്ധതി – അവലോകനം |
| | | **ഭാഗം 2 – (വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |
| | | **– ഇല്ല -** |
| | | **ഭാഗം 3 – (ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ)** |

| | | |
|---|---|---|
| 31 | 3-1 | വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു |
| | | **ഭാഗം – 4 (പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും)** |
| 32 | 4-1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം |
| 33 | 4-2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 34 | 4-3 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 35 | 4-4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ |
| 36 | 4-5 | വായ്പ/വായ്പാതിരിച്ചടവ് |
| 37 | 4-6 | സ്ഥിര നിക്ഷേപം |
| 38 | 4-7 | ഓഡിറ്റ് റിക്കവറി |
| 39 | 4-8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട് |
| 36 | 4-9 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 40 | 4-10 | ഓഡിറ്റ് പ്രത്യവലോകനം |
| 41 | 4-11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| 42 | **അനുബന്ധം** 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് |

## ഭാഗം -1
## ഓഡിറ്റ് റിപ്പോർട്ട്

### 1-1 ബജറ്റ്

2018-19 വർഷത്തെ ബജറ്റ് 24.03.2018ൽ അവതരിപ്പിക്കുകയും 1(1) നമ്പർ തീരുമാനപ്രകാരം അംഗീകരിക്കുകയും ചെയ്തു.

| | |
|---|---|
| പ്രാരംഭ ബാക്കി | ₹5775726 |
| പ്രതീക്ഷിത വരവ് | ₹280242180 |
| ആകെ | ₹286017906 |
| പ്രതീക്ഷിത ചെലവ് | ₹283386290 |
| നീക്കിബാക്കി | ₹2631616 |

### 1-2 വാർഷിക ധനകാര്യ പത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2019 | 17.05.2019 | - | - |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | ₹13096012.59 |
| വരവ് | ₹127055826.00 |
| ആകെ | ₹140151838.59 |
| ചെലവ് | ₹119158407.00 |
| നീക്കിയിരിപ്പ് | ₹20993431.59 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിബാക്കി ₹ |
|---|---|---|---|---|---|
| **വികസന ഫണ്ട്** – ജനറൽ **(എ.സി.ആർ പ്രകാരം)** | 0 | 22140497 | 22140497 | 21029217 | 1111280 |
| **വികസന ഫണ്ട്**–എസ്.സി.പി**(എ.സി.ആർ പ്രകാരം)** | 0 | 1970000 | 1970000 | 1594750 | 375250 |
| **വികസന ഫണ്ട്** –റ്റി.എസ്.പി **(എ.സി.ആർ പ്രകാരം)** | 0 | 1266000 | 1266000 | 1265087 | 913 |
| **മെയിന്റനൻസ് ഫണ്ട്** - റോഡ് **(എ.സി.ആർ പ്രകാരം)** | 0 | 23832000 | 23832000 | 23832000 | 0 |
| **മെയിന്റനൻസ് ഫണ്ട്** - നോൺ റോഡ് **(എ.സി.ആർ പ്രകാരം)** | 0 | 5218000 | 5218000 | 4681264 | 536736 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 12534293 | 12534293 | 7489748 | 5044545 |

| | | | | | |
|---|---|---|---|---|---|
| **(എ.സി.ആർ പ്രകാരം)** | | | | | |
| ജനറൽ പർപ്പസ് ഗ്രാന്റ് | 0 | 12030236 | 12030236 | 12030236 | 0 |
| **തൊഴിലുറപ്പ് പദ്ധതി** – ഭരണ ചെലവുകൾ | 4752 | 896933 | 901685 | 844883 | 56802 |
| തൊഴിലാളികളുടെ കൂലി | 0 | 88751883 | 88751883 | 88751883 | 0 |
| ജലനിധി | 2575538 | 3056195 | 5631733 | 5204075 | 427658 |
| ലൈഫ് ഭവന പദ്ധതി (ac) | 2103 | 4744189 | 4746292 | 4472221 | 274071 |
| സാക്ഷരത (ac) | 1171 | 35 | 1206 | 20 | 1186 |
| എം.എൻ. ലക്ഷം വീട് അക്കൌണ്ടന്റ് (ac) | 201741 | 6052 | 207793 | 20 | 207773 |
| ഇ.എം.എസ്. ഭവന നിർമ്മാണ പദ്ധതി(ac) | 1024346 | 0 | 1024346 | 1024346 | 0 |
| ജവഹർ ഭവന പദ്ധതി (ac) | 497000 | 550000 | 1047000 | 1047000 | 0 |
| **സംസ്ഥാന ഫണ്ട്** – ശുചിത്വമിഷൻ | 19117 | 2318128 | 2337245 | 689617 | 1647628 |
| **തനത് ഫണ്ട്** | | | | | |
| ക്യാഷ് | 231417 | 0 | 0 | 0 | 109762 |
| ബാങ്ക് | 3619314.59 | 17227098 | 20846412.59 | 9582642 | 11263770.59 |
| **ട്രഷറി** – റ്റി.എസ്.ബി | 1578292 | 12030236 | 13608528 | 10603718 | 3004810 |
| **കേന്ദ്ര ഫണ്ട്** – ഐ.സി.ഡി.എസ് | 719025 | 916300 | 1635325 | 819025 | 816300 |
| **സംസ്ഥാന ഫണ്ട്** – കേരളോത്സവം | 0 | 200000 | 200000 | 0 | 20000 |
| മറ്റ് ഗ്രാന്റുകൾ | 360036 | 0 | 360036 | 0 | 360036 |
| **സംസ്ഥാന ഫണ്ട്** – എം.എൽ.എ. ഫണ്ട് | 799235 | 284083 | 1083318 | 284083 | 799235 |

| | | | | | |
|---|---|---|---|---|---|
| **സംസ്ഥാന ഫണ്ട്** – വിമുക്തി | 0 | 25000 | 25000 | 5000 | 20000 |
| **സംസ്ഥാന ഫണ്ട്** – സമ്പൂർണ്ണ ശുചിത്വം | 25000 | 14148 | 39148 | 14148 | 25000 |
| **സംസ്ഥാന ഫണ്ട്** – ബഡ് സ്കൂൾ നിർമ്മാണം | 0 | 1250000 | 1250000 | 0 | 1250000 |
| നല്ല അംഗനവാടിക്കുള്ള അവാർഡ് | 10000 | 0 | 10000 | 0 | 10000 |
| പ്രളയ സംഭാവന (TSB) | 0 | 165141 | 165141 | 158945 | 6196 |
| പ്രളയ ദുരിതാശ്വാസ ഗ്രാന്റ് | 0 | 450000 | 450000 | 450000 | 0 |
| ജില്ലാപഞ്ചായത്ത് വിഹിതം | 0 | 2495803 | 2495803 | 2495803 | 0 |
| ബ്ലോക്ക്പഞ്ചായത്ത് വിഹിതം | 0 | 2084857 | 2084857 | 2084857 | 0 |
| ക്ഷേമ പെൻഷനുകൾ | 0 | 11880 | 11880 | 11880 | 0 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 185 | 143030746 | 156 | 95923500 | 0 | 29 | 84.32 |

**നിർവ്വഹണ ഉദ്യോഗസ്ഥർ തിരിച്ചുള്ള വിശദാംശങ്ങൾ**

| നിർവ്വഹണ ഉദ്യോഗസ്ഥൻ | ആസൂത്രണം ചെയ്ത പ്രോജക്ടുകൾ | നടപ്പാക്കിയവ | അടങ്കൽ ₹ | ചെലവ് ₹ | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 5 | 5 | 2575908 | 1112395 | 43.18 |

| | | | | | |
|---|---|---|---|---|---|
| വെറ്ററിനനറി സർജൻ | 3 | 3 | 5310000 | 1722000 | 32.42 |
| മെഡിക്കൽ ഓഫീസർ (PHC) | 2 | 2 | 1428440 | 1428440 | 100 |
| മെഡിക്കൽ ഓഫീസർ (ISM) | 1 | 1 | 600000 | 600000 | 100 |
| മെഡിക്കൽ ഓഫീസർ (Homoeo) | 1 | 1 | 300000 | 300000 | 100 |
| VEO | 5 | 5 | 47651000 | 29572603 | 62.06 |
| ICDS സൂപ്പർവൈസർ | 4 | 4 | 5640356 | 4859483 | 86.15 |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | 1 | 1 | 3350000 | 2414214 | 72.06 |
| സെക്രട്ടറി | 22 | 19 | 11722507 | 10400804 | 88.72 |
| അസി. സെക്രട്ടറി | 2 | 2 | 2150000 | 1647150 | 76.61 |
| അസി. എൻജിനിയർ, LSGD | 139 | 113 | 62302535 | 41866411 | 67.19 |
| ആകെ | 185 | 156 | 143030746 | 95923500 | 67.06 |

## 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് ₹ | വരവ് ₹ | ആകെ ₹ | ചെലവ് ₹ | നീക്കിയിരിപ്പ് ₹ |
|---|---|---|---|---|---|
| ഭരണചെലവുകൾ | 4752 | 896933 | 901685 | 844883 | 56802 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 88751883 | 88751883 | 88751883 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 4105600 | 979 |
| വിധവാപെൻഷൻ | 11153200 | 2581 |
| വാർദ്ധക്യകാലപെൻഷൻ | 23114200 | 5122 |
| വികലാംഗപെൻഷൻ | 4326300 | 976 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 222400 | 51 |
| തൊഴിൽ രഹിത വേതനം | 11880 | 11 |

## 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23.10.2019ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ ₹1,14,730/- ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

സ്ഥാപനത്തിന്റെ ആഭ്യന്തര നിയന്ത്രണ സംവിധാനം ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. നികുതി പിരിവിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല. വസ്തുനികുതിയിനത്തിൽ ₹9,76,050/- പിരിച്ചെടുക്കാൻ അവശേഷിക്കുന്നതായി ബാലൻസ് ഷീറ്റിൽ കാണുന്നു. സ്ഥാപനത്തിൽ സ്ഥിര ഉപയോഗത്തിന് സൂക്ഷിച്ചിട്ടുള്ള ഫർണീച്ചർ അടക്കമുള്ള വസ്തുക്കളുടെ വിവരം രേഖപ്പെടുത്തി സ്റ്റോക്ക് രജിസ്റ്റർ പരിപാലിച്ചിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ ഇല്ലാത്തതിനാൽ തന്നെ സെക്രട്ടറിമാരുടെ സ്ഥലംമാറ്റ സമയത്ത് സ്റ്റോക്ക് കൈമാറൽ നടത്തി വരുന്നില്ല.

**രജിസ്റ്ററുകളുടെയും ഫയലുകളുടെയും പരിപാലനം**

രജിസ്റ്ററുകളും ഫയലുകളും കൃത്യമായി സൂക്ഷിച്ചിട്ടില്ല. ഓരോയിനത്തിലെ ഫയലുകളിലും ബന്ധപ്പെട്ട രജിസ്റ്ററുകളിലും ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തി പരിപാലിക്കുന്നതിൽ വേണ്ടത്ര ശ്രദ്ധ ചെലുത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

**ഓഫീസ് പ്രവർത്തനങ്ങൾ**

പഞ്ചായത്തിലെ ഫ്രണ്ട് ഓഫീസ് സംവിധാനം ജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പ്രവർത്തിക്കുന്നുണ്ട്. ഓഫീസ് ഉത്തരവ് പ്രകാരം ജീവനക്കാരുടെ ജോലികൾ ക്രമീകരിച്ചിട്ടുണ്ടെങ്കിലും കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തപ്പെടുന്നതിന് ജീവനക്കാരുടെ അഭാവം വലിയ തോതിൽ പ്രശ്നമാകുന്നുണ്ട്. സെക്രട്ടറി ഉൾപ്പെടെ ആകെ 11 ജീവനക്കാർ മാത്രമുള്ള പഞ്ചായത്തിൽ രണ്ട് മാസത്തോളമായി രണ്ട് ജീവനക്കാർ നിലവിലില്ല.സ്ഥാപനത്തിന് ഐ.എസ്.ഒ. സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഗ്രാമസഭ/വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങൾ**

18 വാർഡുകളിലും യഥാസമയം ഗ്രാമസഭകളും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ടുള്ള വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പുകളും ഊരുകൂട്ടങ്ങളും സമ്മേളിച്ചിട്ടുണ്ട്. എന്നാൽ ഗ്രാമസഭകളിൽ പഞ്ചായത്തിന്റെ വികസന-ക്ഷേമ വിദ്യാഭ്യാസ പ്രവർത്തനങ്ങളെക്കുറിച്ചുള്ള ക്രിയാത്മകമായ ചർച്ചകളും തീരുമാനങ്ങളും ഉണ്ടാകുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 11.07.2019 | ജൂൺ 2019 | 31.07.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 14.8.2009 മുതൽ 26.8.2009 വരെ | 2004-05 മുതൽ 2008-09 വരെ | 24.09.2009 |

## 1-11 വാർഷിക കണക്കുകളിലെ അപാകതകൾ

1. വാടക ലേലം എന്നിവയുടെ ഡിമാന്റ്, കളക്ഷൻ, ബാലൻസ് എന്നിവ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.
2. സഞ്ചയ പ്രകാരമുള്ള വസ്തു നികുതി തുകകൾ വാർഷിക കണക്കിലെ തുകകളുമായി പൊരുത്തപ്പെടുന്നില്ല.
3. അഡ്വാൻസ് രജിസ്റ്റർ, ഡെപ്പോസിറ്റ് രജിസ്റ്റർ, ബിൽഡിംഗ് പെർമ്മിറ്റ് രജിസ്റ്റർ എന്നിവ കൃത്യമായി എഴുതി സൂക്ഷിക്കുന്നില്ല.
4. ബി-11(എ) ഷെഡ്യൂളിലെ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ് ഇനത്തിലുള്ള ₹99,48,207/-യുടെ വിശദാംശംങ്ങൾ ലഭ്യമായില്ല.
5. ലോൺ രജിസ്റ്റർ പ്രകാരമുള്ള വരവ്, നീക്കിയിരിപ്പ് എന്നിവ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

6. റ്റി.എസ്.പി. ഒഴികെയുള്ള വികസന ഫണ്ട്, മെയിന്റനൻസ് ഗ്രാന്റ് വരവ് തുകകൾ എ.സി.ആർ പ്രകാരമുള്ള തുകകളു മായി പൊരുത്തപ്പെടുന്നില്ല.

7. ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റിൽ ഐ-17(എ)ൽ ആസ്തികൾക്ക് ഡിപ്രീസിയേഷൻ ഉൾപ്പെടുത്തിയിട്ടുണ്ടെ ങ്കിലും വിശദ വിവരങ്ങൾ ഹാജരാക്കിയില്ല.

8. എൻ.ആർ.ഇ.ജി.എ. നീക്കിയിരിപ്പ് റിക്കൺസിലിയേഷൻ നടത്തിയിട്ടില്ല.

9. ഐ-18 prior period income–other income ഇനത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള ₹1,52,78,489/-ന്റെ കൃത്യത പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

10. **സാക്ഷരത** - ബാങ്കിലെ ബാലൻസ് ₹1,186/- മാത്രമാണ്. ബാങ്ക് ചാർജിനത്തിലുള്ള ₹20/- കുറവ് ചെയ്തിട്ടില്ലാത്തതി നാലാണ് ബി-4 ഷെഡ്യൂളിൽ ₹1,206/- നീക്കിയിരിപ്പ് അവശേഷിക്കുന്നത്.

## 1-12 ഡി. ആന്റ് ഒ. ലൈസൻസ് - അപാകതകൾ

**1) ആവശ്യമായ വിവരങ്ങൾ രേഖപ്പെടുത്താത്ത അപേക്ഷകൾ** – ഡി. ആന്റ് ഒ. ലൈസൻസിനുള്ള അപേക്ഷകളിൽ മുൻവർഷത്തെ ലൈസൻസ് നമ്പർ, തീയതി, സ്ഥാപനത്തിന്റെ പേര്, അപേക്ഷ സമർപ്പിക്കുന്ന തീയതി എന്നീ വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നില്ല. 1996ലെ കേരള പഞ്ചായത്ത് രാജ് (ആപത്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നല്കൽ) ചട്ടങ്ങൾ 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു വർഷവും അവസാനിക്കുന്നതിന് 30 ദിവസം മുമ്പും പുതിയ ലൈസൻസിനുള്ള അപേക്ഷ അവ തുറക്കുന്നതിന് 30 ദിവസം മുമ്പായും സമർപ്പിക്കേണ്ടതാണ്. താമസിച്ച് സമർപ്പിക്കുന്ന അപേക്ഷയുടെ സംഗതിയിൽ പട്ടികയനുസരിച്ച് കൊടുക്കേണ്ട ലൈസൻസ് ഫീസിന്റെ 25% അധിക ഫീസ് ചുമത്താവുന്നതാണ്. ലൈസൻസിനുള്ള അപേക്ഷകൾ സ്വീകരിക്കുമ്പോൾ ആവശ്യമായ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് ഉറപ്പാക്കേണ്ടതാണ്.

**2) ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ**

സഞ്ചയ പ്രകാരം പാർപ്പിടേതര ആവശ്യങ്ങൾക്കുള്ള ആയിരത്തിലധികം കെട്ടിടങ്ങൾ പഞ്ചായത്തിൽ ഉണ്ട്. എന്നാൽ തൻവർഷത്തെ ഡി. ആന്റ് ഒ. ലൈസൻസ് രജിസ്റ്റർ പ്രകാരം ആകെ 258 പേരാണ് ലൈസൻസ് എടുത്തിട്ടുള്ളത്.

1994ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232-ാം വകുപ്പനുസരിച്ച് മനുഷ്യരുടെ ജീവനോ, സ്വത്തിനോ അസഹ്യമോ, ആപൽക്കരമോ ആയേക്കാനിടയുള്ള കാര്യങ്ങൾക്ക്, സെക്രട്ടറി നൽകുന്ന ലൈസൻസില്ലാതെ യാതൊരു സ്ഥലവും ഉപയോഗിക്കാൻ പാടില്ലാത്തതാണ്. നിരവധി സ്ഥാപനങ്ങൾ ലൈസൻസ് എടുക്കാതെ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്.

ചില ഉദാഹരണങ്ങൾ താഴെ ചേർക്കുന്നു.

| കെട്ടിട നം. | സ്ഥാപന ഉടമ | സ്ഥാപനം |
|---|---|---|
| 487/5 | തോമസ് എം.ഡി, മാമൂട്ടിൽ | ഏഞ്ചൽ സ്റ്റുഡിയോ |
| 9/59 | മനോജ് വർഗ്ഗീസ്, കന്നാലിൽ | സെന്റ് ജൂഡ് എൻജിനിയറിംഗ് വർക്ക് ഷോപ്പ് |
| 15/39 | എം.എം ജോൺ, മുളഞ്ഞനാനിയിൽ | സ്റ്റേഷനറി |
| 9/303BA(ua) | ജിനോ ജോർജ്ജ്, കുനാനിക്കൽ | കട്ടക്കളം |
| 15/462 | മുഹമ്മദ് സുലൈമാൻ | ബിസ്മി സ്റ്റോഴ്സ് |

കേരള പഞ്ചായത്ത് രാജ് സെക്ഷൻ 233-എ പ്രകാരം പഞ്ചായത്തിന്റെ അനുമതി കൂടാതെയും അതിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായും ഏതെങ്കിലും ഫാക്ടറിയോ, വർക്ക്ഷോപ്പോ, പണിസ്ഥലമോ നിർമ്മിക്കുകയോ, സ്ഥാപിക്കുകയോ ചെയ്യാൻ പാടില്ലാത്തതാണ്. ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമാനുസൃത നടപടി സ്വീകരിക്കേണ്ടതാണ്.

## 1-13 വസ്തു നികുതി നിർണ്ണയിച്ച് ഈടാക്കിയിട്ടില്ല

വാത്തിക്കുടി ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള 2/522 നമ്പർ കെട്ടിടം 2013 വസ്തു നികുതി നിർണ്ണയത്തിൽ സൗജന്യ ചികിത്സ നടത്തുന്ന ആശുപത്രി ഗണത്തിൽപ്പെടുത്തി നികുതി ഒഴിവാക്കി നല്കിയിട്ടുള്ളതാണ്. കെട്ടിട നികുതി ഈടാക്കാത്തത് സംബന്ധിച്ച് നല്കിയ ഓഡിറ്റ് എൻക്വയറി 1-ന് മറുപടിയായി പ്രസ്തുത ആശുപത്രിയിൽ അന്വേഷണം നടത്തുകയും സൗജന്യമായല്ല ചികിത്സ നടത്തുന്നതെന്ന് കണ്ടെത്തുകയും നികുതി നിർണ്ണയ നടപടികൾ സ്വീകരിച്ചു വരുന്നതായും മറുപടി നൽകിയിട്ടുള്ളതാണ്. പഞ്ചായത്തിൽ നിന്നും ഏതാനും മീറ്റർ മാത്രം അകലെ മുരിക്കാശ്ശേരി ടൗണിൽ സ്ഥിതി ചെയ്യുന്ന സ്ഥാപനത്തിന്റെ നികുതി നിർണ്ണയം നാളിതുവരെ നടത്താത്തത് ഗുരുതരമായ വീഴ്ചയാണ്. കെട്ടിടം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| കെട്ടിട നം. | കെട്ടിട ഉടമ | ഉപയോഗ ക്രമം | കെട്ടിട വിസ്തീർണ്ണം |
|---|---|---|---|
| 2/522 | സിസ്ററർ ഗ്ലോറിയ, പ്രൊവിഷണൽ അഡ്മിനിസ്ട്രേറ്റർ | ആശുപത്രി | 3272.24m2 |

കെട്ടിടത്തിന്റെ നികുതി നിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ച് വിവരം

അറിയിക്കേണ്ടതാണ്.

## 1-14 വസ്തു നികുതി

**(എ) മാനുവൽ രസീത് – സഞ്ചയ പോസ്റ്റിംഗ് – അപാകതകൾ**

2018-19 വർഷത്തിൽ 55 മാനുവൽ രസീത് ബുക്കുകൾ വസ്തു നികുതി കളക്ഷനുവേണ്ടി ഉപയോഗിച്ചിരിക്കുന്നു. എന്നാൽ ഈ രസീത് ബുക്കുകളിലെ വസ്തു നികുതി പിരിവ് തുകകൾ വ്യക്തികളുടെ പേരിൽ സഞ്ചയ-യിൽ പോസ്റ്റ് ചെയ്തിട്ടുണ്ടെങ്കിലും രസീത് ബുക്കിലെ പോസ്റ്റിംഗ് വിവരങ്ങൾ എക്സൽ ഷീറ്റിൽ ഡൌൺലോഡ് ചെയ്ത് പരിശോധിക്കുന്ന രീതിയിൽ തിട്ടപ്പെടുത്തിയിട്ടില്ല. ആയതിനാൽ വസ്തു നികുതിയുടെ സാംഖ്യ-സഞ്ചയ വിവരങ്ങളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചില്ല. പോസ്റ്റിംഗ് കൃത്യമാക്കി വിവരം അറിയിക്കേണ്ടതാണ്.

**(ബി) സഞ്ചയ സോഫ്റ്റ് വെയർ അവലോകനം**

വസ്തു നികുതി നിർണ്ണയം, ഡിമാന്റ്, കളക്ഷൻ എന്നിവയ്ക്കായി ഗ്രാമപഞ്ചായത്തിൽ ഉപയോഗിക്കുന്നതും ഇൻഫർമേഷൻ കേരളാ മിഷൻ (ഐ.കെ.എം) വികസിപ്പിച്ചതുമായ സഞ്ചയ സോഫ്റ്റ് വെയർ ഉപയോഗിക്കുന്നതിൽ താഴെ വ്യക്തമാക്കുന്ന പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്.

1. 2018-19 വരെ മാനുവൽ രസീതുകൾ ഉപയോഗിച്ച് പിരിക്കുന്ന വസ്തു നികുതി സഞ്ചയയിൽ പാസ് ഡാറ്റാ എൻട്രി ( PDE) ആയി ആണ് രേഖപ്പെടുത്തിയിരിക്കുന്നത്. ഇത്തരത്തിൽ എൻട്രി വരുത്തുമ്പോൾ ഒരേ രസീത് ബുക്ക് ഉപയോഗിച്ച് പിരിക്കുന്ന സമാന രസീതുകൾ ഒരു വാർഡിലെ തന്നെയോ പല വാർഡുകളിലെയോ വ്യത്യസ്ത ആളുകളുടെ വരവായി രേഖപ്പെടുത്തുവാൻ സാധിക്കും. ഇത്തരത്തിൽ രേഖപ്പെടുത്തലുകൾ വരുത്തിയിട്ടുണ്ടെങ്കിൽ ആയത് പരിശോധിക്കുവാൻ നിലവിൽ സാധിക്കുകയില്ല.

2. സ.ഉ.(എം.എസ്.)നം.144/15/തസ്വഭവ./തീയതി. 27/04/2015 പ്രകാരം 660 സ്ക്വയർ ഫീറ്റ് വരെ തറ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളെ 2015-16 മുതൽ വസ്തു നികുതിയിൽ നിന്നും ഒഴിവാക്കുമ്പോഴും, 02.07.2013ലെ ജി.ഒ.(എം.എസ്.)നം. 242/13 നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം വിമുക്ത ഭടൻമാരുടെയോ, അവരുടെ ഭാര്യ/വിധവ അല്ലെങ്കിൽ ഏറ്റുമുട്ടലിൽ അംഗവൈകല്യം സംഭവിച്ച ജവാൻ/അവരുടെ വിധവ എന്നിവരുടെ യഥാർത്ഥ താമസത്തിനുപയോഗിക്കുന്ന ഭവനങ്ങളുടെ വസ്തു നികുതി ഒഴിവാക്കുമ്പോഴും അപേക്ഷകന് പഞ്ചായത്തിൽ വേറെ വാസഗൃഹങ്ങളുണ്ടോയെന്നും കേരളത്തിലെ മറ്റ് പഞ്ചായത്തുകൾ/നഗരസഭകൾ എന്നിവയിൽ നിന്ന് ഇതേ ആനുകൂല്യം കൈപ്പറ്റിയിട്ടുണ്ടോയെന്നും പരിശോധിക്കുന്നതിന് യാതൊരു സംവിധാനവും സഞ്ചയ-യിലില്ല.

3. വിമുക്ത ഭടൻമാരുടെ 2000 ച. അടിയിൽ കൂടുതൽ തറ വിസ്തീർണ്ണമുള്ള വാസഗൃഹങ്ങളുടെ 2000 ച. അടിയിൽ

കൂടുതലായി വരുന്ന ഭാഗത്തിന് നികുതി ഈടാക്കുന്നതിനും സഞ്ചയ-യിൽ സംവിധാനമില്ല.

4. 09.07.2015ലെ സ.ഉ.(എം.എസ്.)231/15/തസ്വഭവ. പ്രകാരം 1975ലെ കേരള കെട്ടിട നികുതി നിയമം വകുപ്പ് 5(എ) പ്രകാരമുള്ള ആഢംബര നികുതി ബാധകമായ കെട്ടിടങ്ങൾക്ക് മുൻ വർഷത്തെ ആഢംബര നികുതി അടച്ച രസീതിന്റെ പകർപ്പ് ഹാജരാക്കിയാൽ മാത്രമേ വസ്തു നികുതി ഈടാക്കാൻ പാടുള്ളൂ. ഫ്രണ്ട് ഓഫീസിൽ നികുതി സ്വീകരിക്കുമ്പോൾ ഇക്കാര്യം പരിശോധിക്കുന്നതിന് സഞ്ചയ-യിൽ സൗകര്യമില്ല.

5. ഒരേ ഉടമസ്ഥന്റെ പേരിലുള്ള മുഴുവൻ കെട്ടിടങ്ങളുടെ വിവരങ്ങൾ ലഭിക്കുന്നില്ല. തോട്ടം ഉൾപ്പടുന്ന മേഖലയായതിനാൽ ഒന്നിലധികം കെട്ടിടങ്ങളുള്ള വ്യക്തികൾ/സ്ഥാപനങ്ങൾ ധാരാളമുണ്ട്. എന്നാൽ ഒരാളുടെ പേരിലുള്ള മുഴുവൻ കെട്ടിടങ്ങളുടേയും നികുതി വിവരങ്ങൾ ഒന്നിച്ച് ലഭ്യമാകാത്തതിനാൽ ഓരോന്നിനും പ്രത്യേകം ഡിമാന്റ് നോട്ടീസ് തയ്യാറാക്കി നൽകേണ്ടിവരുന്നത് മനുഷ്യ വിഭവശേഷി നഷ്ടപ്പെടുത്താൻ ഇടയാക്കുന്നു.

6. **സാംഖ്യ- സഞ്ചയ സമന്വയം :** ഫ്രണ്ട് ഓഫീസിൽ നികുതി സ്വീകരിക്കുമ്പോൾ, സഞ്ചയ-യിൽ പോസ്റ്റിംഗ് വരുമെങ്കിലും ഏതെങ്കിലും കാരണത്താൽ രസിത് ക്യാൻസൽ ചെയ്താലും സഞ്ചയ-യിലെ പോസ്റ്റിംഗ് മാറുന്നില്ല.

7. 2019-20 മുതൽ പരമ്പരാഗത രസീതുപയോഗിച്ച് നടത്തുന്ന ക്യാമ്പ് കളക്ഷൻ, ഔട്ട് ഡോർ കളക്ഷൻ, സാംഖ്യ പ്രവർത്തനരഹിതമാകുമ്പോൾ ഓഫിസിൽ സ്വീകരിക്കുന്ന വസ്തു നികുതി എന്നിവ, രസീത് ബുക്ക് കൈപ്പറ്റിയ വ്യക്തിയുടെ പേരിൽ ആകെ തുക സാംഖ്യയിൽ വരവ് വെയ്ക്കുകയും പിന്നീട് വസ്തു നികുതി സഞ്ചയ-യിൽ ഓരോ കെട്ടിട നമ്പരിനും നേരെ ഔട്ട് ഡോർ കളക്ഷൻ ഓപ്ഷൻ മുഖേന വരവ് വെയ്ക്കുകയും ചെയ്യുന്നു. സഞ്ചയ-സാംഖ്യ എന്നിവ സമന്വയിപ്പിച്ചിട്ടുണ്ടെങ്കിലും ഇപ്രകാരം വരവ് വെയ്ക്കുമ്പോൾ ആയത് സാഖ്യയിൽ പ്രതിഫലിക്കുന്നില്ല. അതിനാൽ തന്നെ മാനവൽ രസീതുകൾ എൻട്രി വരുത്തുന്നയാൾക്ക് യഥേഷ്ടം തുകകൾ രേഖപ്പെടുത്തുന്നതിന് അവസരമുണ്ടാകുന്നു. ഇപ്രകാരം രേഖപ്പെടുത്തൽ നടത്തുന്നില്ലായെന്ന് സെക്രട്ടറി ഉറപ്പ് വരുത്തേണ്ടതാണ്.

### 1-15 അംഗൻവാടി പോഷകാഹാരം – ബാങ്കിന് അധിക തുക നൽകി

| | |
|---|---|
| നിർവ്വഹണം | ഐ.സി.ഡി.എസ്. സൂപ്പർവൈസർ |
| പദ്ധതിയുടെ പേര് | അംഗൻവാടി പോഷകാഹാരം |
| അടങ്കൽ/ചെലവ് | ₹45,89,476/- ₹39,01,603/- |
| ബിൽ നം./തുക | 2/27.10.2019 ₹7,50,584/- |

മേൽ പദ്ധതിക്കായി വാഴത്തോപ്പ് സർവ്വീസ് സഹകരണ ബാങ്ക് നീതി സ്റ്റോറിൽ നിന്നും സാധനങ്ങൾ വാങ്ങിയ ഇനത്തിൻ ഒരേ ബില്ല് പ്രകാരം രണ്ട് തവണ പണം നൽകി. 22.12.2017ലെ ബിൽ നം. 105 പ്രകാരമുള്ള ₹1,79,304/-യിൽ ₹7,834/- സെൻട്രൽ ഷെയർ ഇനത്തിൽ ഉൾപ്പെടുത്തി 02.06.2018ലെ ചെക്ക് നം. 02002023

പ്രകാരം പിൻവലിച്ച് ബാങ്കിന് നൽകിയിട്ടുണ്ട്. എന്നാൽ മേൽ പരാമർശിച്ച ബില്ലിൽ ഈ തുക കുറവ് ചെയ്യാതെ ബാങ്കിന് നൽകിയതിനാൽ ₹7,834/- അധികമായി നൽകിയിരിക്കുന്നു. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3) നൽകിയ മറുപടിയിൽ മേൽ ബില്ല് പ്രകാരം ₹7,834/- പിൻവലിച്ച വിവരവും ആയതിന്റെ രേഖകളും മുൻ ഐ.സി.ഡി.എസ്. സൂപ്പർവൈസർ കൈമാറിയിരുന്നില്ലായെന്നും സാധനങ്ങൾ വാങ്ങിയതിന്റെ ബില്ല് മാത്രമാണ് നൽകിയിരുന്നതെന്നും അറിയിച്ചിട്ടുണ്ട്. അധികമായി നൽകിയ തുക ₹7,834/- ബാങ്കിൽ നിന്നും തിരികെ ഈടാക്കി ഫണ്ടിൽ ഒടുക്കേണ്ടതാണ്.

## 1-16 സർക്കാർ മാനദണ്ഡം പാലിച്ചില്ല - ചെലവ് തടസ്സം

| | | | |
|---|---|---|---|
| നിർവ്വഹണം | കൃഷി ഓഫീസർ | | |
| പദ്ധതി നം | 63/2019 | | |
| പദ്ധതി | ജലസേചന പമ്പ് സെറ്റ് വിതരണം (ജനറൽ) | | |
| അടങ്കൽ | വികസന ഫണ്ട് - പൊതു വിഭാഗം | ₹ | 216862 |
| | ഗുണഭോക്തൃ വിഹിതം - നേരിട്ട് | ₹ | 216862 |
| | **ആകെ** | ₹ | **433724** |

ഗ്രാമപഞ്ചായത്തിലെ കർഷകർക്ക് ജലസേചന പമ്പ്സെറ്റ് വാങ്ങുന്നതിനായി ധനസഹായം നൽകുന്നതിന് വിഭാവനം ചെയ്തിരിക്കുന്ന പദ്ധതിയാണിത്. അത് പ്രകാരം RAIDCO, തൊടുപുഴ-യിൽ നിന്നും ഗുണഭോക്താക്കൾ വ്യത്യസ്ത നിരക്കിൽ നേരിട്ട് പമ്പ്സെറ്റ് വാങ്ങിയിരിക്കുന്നു.

ചെറുകിട/നാമമാത്ര കർഷകർക്ക് പമ്പ് സെറ്റ് വാങ്ങി നൽകുന്നതിനാണ് തദ്ദേശ സ്വയം ഭരണ വകുപ്പിന്റെ 14.02.2018 ലെ സ.ഉ.22/2018 സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 6.1 ക്രമ നം. 1 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളത്. എന്നാൽ താഴെ പരാമർശിക്കുന്ന ഗുണഭോക്താക്കൾ ചെറുകിട/നാമമാത്ര കർഷകരാണെന്ന് തെളിയിക്കുന്ന രേഖകൾ ഹാജരാക്കിയിട്ടില്ല.

| | |
|---|---|
| ബിൽ നം : 03/2018-19 തീ:28.12.2018, തുക ₹1,17,690/- | |

| ക്രമ നം. | ഗുണഭോക്താവ് | പമ്പ് സെറ്റിന്റെ വില ₹ | നല്കിയ സബ്സിഡി ₹ |
|---|---|---|---|
| 1 | ലിസി ബെന്നി, മുത്തനാട്ട്, മുരിക്കാശ്ശേരി | 17434 | 5923 |
| 2 | അനീഷ് തോമസ്, കൊച്ചുപുരയ്ക്കൽ, ദൈവം മേട് | 19264 | 8600 |
| 3 | സജി ജോൺ, വെളീപ്പറമ്പിൽ, കൊന്നയ്ക്കമാലി | 17931 | 8005 |
| 4 | ബിബിൻ എ. എം, മുണ്ടയ്ക്കൽ, പെരുംതൊട്ടി | 9531 | 4255 |
| 5 | ശശി കിട്ടൻ, കൊട്ടയ്ക്കാട്ട്കിഴക്കേതിൽ, കള്ളിപ്പാറ | 12646 | 4915 |
| 6 | രജിനി ശശി, ക്ലവയിൽ, പടമുഖം | 13890 | 6004 |
| 7 | ലീലാമ്മ തോമസ്, വാഴക്കാട്ട്, പടമുഖം | 15609 | 6004 |
| 8 | സലിം പി. എ, പതുപ്പറമ്പിൽ, മുരിക്കാശ്ശേരി | 22672 | 10000 |
| 9 | ജോമോൻ ജോൺ, തെങ്ങനാട്ട്, പടമുഖം<br>**(കരം അടച്ച രസീത് പ്രകാരം 1 സെന്റ് സ്ഥലമേയുള്ളൂ)** | 18328 | 6664 |
| | **ബിൽ നം : 10/2018-19 തീ:06.02.2019**<br>**തുക ₹47,054/-** | | |
| 10 | ലൌലി ബിനു, ശൗര്യംകുഴിയിൽ, പടമുഖം | 13133 | 5627 |
| 11 | സാജൻ ജേക്കബ്, പുതുപ്പറമ്പിൽ, പെരുംതൊട്ടി | 13457 | 5924 |
| 12 | ദേവദാസൻ, കുന്നും പുരത്ത്, ബഥേൽ | 8960 | 4000 |
| 13 | സജിമോൻ മാത്യു, പെരുമ്പള്ളിൽ, കൊന്നയ്ക്കാമാലിൽ | 20135 | 7810 |

| | | | |
|---|---|---|---|
| 14 | അജീഷ് പ്രഭാകരൻ, എടാട്ട്തറയിൽ, കൊന്നയ്ക്കാമാലിൽ | 23000 | 9369 |
| 15 | ജോസഫ് തോമസ്, പടിഞ്ഞാറെക്കുടി, മേരിഗിരി | 15545 | 5819 |
| | **ബിൽ നം : 11/2018-19 തി:12.03.2019**<br>**തുക ₹18,605/-** | | |
| 16 | വർഗ്ഗീസ് ജോസഫ്, ഞാലിപ്പറമ്പിൽ, ബഥേൽ | 14292 | 5612 |
| 17 | ഷാജി തോമസ്, വാല്യംമേൽ, തോപ്രൻകുടി | 12564 | 5525 |
| 18 | ഷൈബി തോമസ്, കുരിവിക്കാട്ട്കുടിയിൽ, തോപ്രാംകുടി | 16807 | 7468 |
| | | **ആകെ** | **1,17,524** |

സബ്സിഡി മാനദണ്ഡത്തിലെ നിർദ്ദേശങ്ങൾ പാലിക്കാതെ മേൽ പരാമർശിക്കുന്ന ഗുണഭോക്താക്കൾക്ക് നൽകിയ ധനസഹായ തുക ₹1,17,524/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-17 ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ - മരുന്ന് ലഭ്യമാക്കാത്തത്

**നിർവ്വഹണ ഉദ്യോഗസ്ഥൻ – മെഡിക്കലാഫീസർ, ഹോമിയോ**

**പ്രോജക്റ്റ് നമ്പർ** – 81/2018-19

**ബിൽ നമ്പർ** – 01/18-19/28-11-18, ₹3,00,000/-

ഹോമിയോ ആശുപത്രിക്ക് മരുന്ന് വാങ്ങൽ എന്ന മേൽ പ്രോജക്റ്റ് പ്രകാരം ₹3,00,000/- മാനേജിംഗ് ഡയറക്ടർ, ഹോമിയോപ്പതിക്ക് കോ-ഓപ്പറേറ്റീവ് സൊസൈറ്റി, ആലപ്പുഴ-യുടെ പേരിലുള്ള എസ്.ബി.എെ. അക്കൌണ്ട് നമ്പർ 34306403911ലേക്ക് 28-11-2018ൽ നൽകിയിട്ടുണ്ടെങ്കിലും മരുന്ന് ഓഡിറ്റ് തീയതി വരെ ലഭിച്ചിട്ടില്ല. മരുന്ന് ലഭ്യമാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-18 എച്ച്.എം.സി.- വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല

1994ലെ കേരള പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 166(1) പ്രകാരം ഗ്രാമപഞ്ചായത്ത് പരിധിയിലെ സർക്കാർ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ നടത്തിപ്പ് ചുമതല ഗ്രാമപഞ്ചായത്തിന്റെ മേഖലാടിസ്ഥാനത്തിലുള്ള ചുമതലകളിൽപ്പെട്ടതാണ്. വകുപ്പ് 173(എ), 2010ലെ കേരള പഞ്ചായത്ത് രാജ് (പൊതു ജനാരോഗ്യ സ്ഥാപനങ്ങൾക്ക് വേണ്ടിയുള്ള മാനേജിംഗ് കമ്മിറ്റികൾ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം കൈമാറിയിട്ടുള്ള പൊതു ആരോഗ്യ

സ്ഥാപനങ്ങളിൽ ചെയർപേഴ്സൺ, വൈസ് ചെയർപേഴ്സൺ, മെമ്പർ സെക്രട്ടറി എന്നിവർ ഉൾപ്പടെ 15 അംഗങ്ങളിൽ കൂടാതെയുള്ള ഒരു മാനേജിംഗ് കമ്മിറ്റി നിർണ്ണയിക്കപ്പെട്ട പ്രകാരം രൂപീകരിക്കേണ്ടതാണ്.

ചട്ടം 9(1) പ്രകാരം പൊതുജനാരോഗ്യ സ്ഥാപനത്തെ സംബന്ധിച്ച ആശുപത്രി വികസന ഫണ്ട് ഓഡിറ്റ് നടത്തേണ്ടത് കേരള സംസ്ഥാന ഓഡിറ്റ് വകുപ്പാണ്. 1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 9(1) പ്രകാരം ഒരു സാമ്പത്തിക വർഷം അവസാനിച്ച ശേഷം 4 മാസത്തിനകം വാർഷിക കണക്കുകൾ ഓഡിറ്റിനായി സമർപ്പിക്കേണ്ടതാണ് (ജൂലായ് 31-നകം). എന്നാൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന കൈമാറിയിട്ടുള്ള ആശുപത്രികളിൽ (സി.എച്ച്.സി, ഹോമിയോ, ആയുർവ്വേദം) മാനേജിംഗ് കമ്മിറ്റികൾ വാർഷിക കണക്കുകൾ ഓഡിറ്റിൽ പരിശോധനക്കായി സമർപ്പിച്ചിട്ടില്ല. പഞ്ചായത്ത് രാജ് നിയമം, വകുപ്പ് 182(xv) പ്രകാരം പഞ്ചായത്തിന്റെ നിയന്ത്രണത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ അക്കൗണ്ടുകൾ പരിശോധിക്കുകയോ, പരിശോധിപ്പിക്കുകയോ ചെയ്യേണ്ടത് സെക്രട്ടറിയുടെ ചുമതലയാണ്. മേൽ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു. എച്ച്.എം.സി. വാർഷിക കണക്കുകൾ ഓഡിറ്റ് പരിശോധനക്കായി സമർപ്പിക്കുവാനാവശ്യമായ നിർദ്ദേശം നൽകേണ്ടതാണ്.

### 1-19 ചാണകം ഉണക്കിപ്പൊടിക്കുന്നതിനുള്ള മെഷിൻ വാങ്ങി നൽകൽ - നൂതന പ്രോജക്ട് - ലഘു അവലോകനം

| | |
|---|---|
| പദ്ധതി | ചാണകം ഉണക്കിപ്പൊടിക്കുന്നതിനുള്ള മെഷീൻ വാങ്ങൽ |
| പദ്ധതി നം. | 143/2019 |
| അടങ്കൽ തുക | ₹20,00,000/- |
| ബിൽ നം./തുക | 2/2018-19 തീ:11-03-2019 ₹7,40,056/- |
| | 3/2018-19, തീ:19-03-2019 ₹6,98,000/-<br>4/2018-19, തീ.19.03.2019, ₹61,944/-<br>₹5,00,000/- ചെക്ക് നമ്പർ. 894347/തീ. 26.09.2019 |
| ആകെ ചെലവ് | ₹20,00,000/- |
| നിർവ്വഹണം | അസി. സെക്രട്ടറി |

ജൈവ കൃഷി പ്രോൽസാഹനത്തിന്റെ ഭാഗമായി തെരഞ്ഞെടുത്ത സംഘത്തിന് (ജെ.എൽ.ജി) ചാണകം ഉണക്കിപ്പൊടിക്കുന്ന മെഷിൻ വാങ്ങി നൽകുന്നതിനായി വിഭാവനം ചെയ്ത പദ്ധതിയാണിത്. കർഷകർക്ക് ചാണകവും സ്ലറിയും ഉണക്കിപ്പൊടിച്ച് വളമായി ഉപയോഗിക്കുന്ന വിധത്തിൽ പാകമാക്കുന്നതിനും പൊടിച്ചെടുക്കുന്ന വളം ആവശ്യക്കാർക്ക് ന്യായ വിലയ്ക്ക് വിൽക്കുന്നതിനും വനിതകൾക്ക് ഒരു സ്വയം തൊഴിൽ സംരംഭം എന്ന ലക്ഷ്യത്തോടെ നിർവ്വഹിച്ച പ്രോജക്ടാണിത്.

പദ്ധതി അടങ്കൽ തുകയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്രോതസ്സ് | തുക ₹ |
|---|---|---|
| 1 | ഗ്രാമ പഞ്ചായത്ത് വിഹിതം | 1500000 |
| 2 | ഗുണഭോക്തൃ വിഹിതം (ബാങ്ക് ലോൺ) | 500000 |
| | ആകെ | 2000000 |

പദ്ധതി നടത്തിപ്പിനായി മേൽ സൂചിത ബില്ലുകൾ പ്രകാരം ₹15,00,000/-ഉം ഗുണഭോക്തൃ വിഹിതമായ ബാങ്ക് വായ്പ ₹5,00,000/- ഉം ഉൾപ്പെടെ ₹20,00,000/- താഴെ പറയും പ്രകാരം ചെലവ് നടത്തിയിരിക്കുന്നു.

| ഇനം | ചെലവ് തുക ₹ | തുക നൽകിയത് |
|---|---|---|
| ചാണകം പൊടിക്കുന്നതിന്റെ മെഷീൻ | 1259944 | ഫാംസ് ഡയറി പി. ലിമിറ്റഡ്, ഇടപ്പള്ളി, കൊച്ചിൻ |
| വാഹനം | 740056 | പോപ്പുലർ മോട്ടോർസ്, കൊച്ചി |
| ആകെ | 2000000 | |

**പദ്ധതി ലക്ഷ്യങ്ങൾ**

പഞ്ചായത്തിലെ വിവിധ വാർഡുകളിൽ നിന്നുള്ള കുടുംബശ്രീ അംഗങ്ങളിൽ നിന്നും 5 പേർ അടങ്ങുന്ന ഒരു ജെ.എൽ.ജി. (ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പ്) രൂപികരിച്ച് പദ്ധതി പ്രവർത്തനങ്ങൾ ഏൽപ്പിച്ച് പദ്ധതിക്കാവശ്യമായ മെഷിൻ, വാഹനം മറ്റ് അനുബന്ധ ഉപകരണങ്ങൾ വാങ്ങി നൽകുന്നു. പ്രസ്തുത ആസ്തി ഉപയോഗിച്ച് മാസം 20 ദിവസമെങ്കിലും പ്രതി ദിനം 3 സ്ഥലമെന്ന തോതിൽ കർഷകരുടെ ഭവന പരിസരത്ത് വച്ച് ഒരു മണിക്കൂറിൽ 15 ക്യുബിക് മീറ്റർ ചാണകം ഉണക്കി കൊടുത്ത് നിശ്ചിത നിരക്കിൽ ഫീസ് ഈടാക്കുന്നു. ജൈവ വളം ശാസ്ത്രീയമായി സംസ്കരിക്കുവാനും പഞ്ചായത്തിന്റെ ബ്രാന്റ് ചെയ്ത് ചാണകപ്പൊടിയുടെ മൂല്യവർദ്ധിത ഉൽപന്നങ്ങൾ വിപണനം ചെയ്ത് വരുമാനമുണ്ടാക്കുവാനുമുള്ള നൂതന സംരംഭമായിട്ടാണ് പദ്ധതി ആരംഭിച്ചത്.

**പ്രതീക്ഷിച്ച നേട്ടങ്ങൾ**

1) ഒരു സ്ഥലത്ത് നിന്ന് 6 ടൺ പച്ച ചാണകം വീതം ഒരു വർഷം 4320 മെട്രിക് ടൺ ചാണകം സംസ്കരിച്ച് പൊടിയാക്കുന്നതിനും ഈ പൊടി ദുർഗന്ധം ഇല്ലാത്തതും കേവലം 25% മാത്രം ജലാംശം ഉള്ളതുമാണെന്ന പ്രത്യേകത.

2) ചാണക സ്ലറിയും ഇപ്രകാരം പൊടിയാക്കാമെന്നതിനാൽ ബയോഗ്യാസ് യൂണിറ്റുകൾ കൂടുതലായി ആരംഭിക്കുകയും തൻമൂലം കൂടുതൽ ഇന്ധനം ഉൽപ്പാദിപ്പിക്കുവാൻ സാധിക്കുന്നു.

3) ചാണകത്തിൽ നിന്നും വേർതിരിച്ചെടുക്കുന്ന വെള്ളം സൂക്ഷ്മാണുക്കളാൽ സമ്പുഷ്ടമാണെന്നതിനാൽ ഇത് കൃഷി വിളകൾ നനയ്ക്കുന്നതിനും ഇലകളിൽ സ്പ്രേ ചെയ്യുന്നതിനും ഉപയോഗിക്കുന്നു.

4) 5 പേർക്ക് സ്ഥിര വരുമാനം ലഭിക്കുന്നു.

5)കാർഷിക ഉൽപ്പാദനം വർദ്ധിപ്പിക്കുകയും പരിസ്ഥിതി മലീനികരണം,പകർച്ച വ്യാധികൾ ഒഴിവാക്കുകയും ചെയ്യുന്നു.

**പദ്ധതി നടത്തിപ്പിലെ അപാകതകൾ**

1) 2018-19 വർഷത്തിൽ ആവിഷ്കരിച്ച ഈ പദ്ധതി ഇതുവരെ പ്രാവർത്തികമാക്കിയിട്ടില്ല.

2) പഞ്ചായത്തിലെ ക്ഷീര കർഷകരുടെ എണ്ണം തിട്ടപ്പെടുത്തി പദ്ധതി നടത്തിപ്പിനാവശ്യമായ പ്രീ-പ്ലാൻ തയ്യാറാക്കിയിട്ടില്ല.

3) വരവ് ചെലവ് കണക്കുകൾ സൂക്ഷിക്കുന്നതിനും,നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനങ്ങൾ ഒരുക്കിയിട്ടില്ല.

4) കർഷകർക്ക് ബോധവൽകരണ പരിപാടികൾ സംഘടിപ്പിച്ചിട്ടില്ല.

5) ചാണകത്തിൽ നിന്നുള്ള മൂല്യവർദ്ധിത ഉൽപന്നങ്ങളുടെ സംഭരണത്തിനും,വിപണനത്തിനും ആവശ്യമായ

സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല.

6) ലഭ്യമാകുന്ന വരുമാനം, ജെ.എൽ.ജി. വായ്പ തിരിച്ചടവ്, വേതനം, പഞ്ചായത്തിനുള്ള വരവ്, മെയിന്റനൻസ് എന്നിവയ്ക്ക് എപ്രകാരം വിഭജിക്കുമെന്നതിനെക്കുറിച്ച് ധാരണയുണ്ടാക്കിയിട്ടില്ല.

₹20,00,000/- മുതൽ മുടക്കുള്ള സംരംഭം നാളിതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ലാത്തതിനാൽ ചാണകം പൊടിക്കുന്നതിനുള്ള മെഷീനും അനുബന്ധ വാഹനവും നിഷ്ക്രിയ ആസ്തിയായി പരിണമിക്കാനിടയുണ്ട്. 5 പേർ അടങ്ങുന്ന ജെ. എൻ.ജി. രൂപീകരിച്ച് മെഷീനും വാഹനവും കൈമാറി തുടർ പ്രവർത്തനങ്ങൾ നിരീക്ഷിക്കേണ്ടതുമാണ്. ഭരണ സമിതിയുടെ അടിയന്തിര ശ്രദ്ധ ഇക്കാര്യത്തിലുണ്ടാവേണ്ടതാണ്. യാതൊരു മുന്നൊരുക്കവുമില്ലാതെ ആവിഷ്കരിച്ച പദ്ധതിയായതിനാലും പദ്ധതി നാളിതുവരെ നടപ്പിലാക്കിയിട്ടില്ലാത്തതിനാലും പദ്ധതിയുടെ തുടർ നടത്തിപ്പ് സംബന്ധിച്ച വ്യക്തമായ ധാരണയില്ലാത്തതിനാലും ടി ഇനത്തിൽ ചെലവഴിച്ച ₹15,00,000/- ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

### 1-20 ലൈഫ് ഭവന പദ്ധതി പദ്ധതി - ഭവന വേല പൂർത്തികരിച്ചിട്ടില്ല

| | |
|---|---|
| നിർവ്വഹണം | വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ |
| പദ്ധതി നം. | 15/2019 |
| പദ്ധതി | ലൈഫ് ഭവന പദ്ധതി |
| ബിൽ നം. | 9/2018-19 തീ:22.10.2018 തുക ₹26,40,000/- |

ലൈഫ് ഭവന പദ്ധതി പദ്ധതി പ്രകാരം താഴെ പറയുന്ന ഗുണഭോക്താക്കൾക്ക് ആദ്യ ഗഡു നൽകിയെങ്കിലും ഭവന നിർമ്മാണം ഇതുവരെ ആരംഭിച്ചിട്ടില്ല.

| ക്രമ നം. | ഗുണഭോക്താവിന്റെ പേര് വിവരം | നൽകിയ തുക/തീയതി |
|---|---|---|
| 1 | ബിജോയ് ജോൺ, വരവൻപിള്ളിൽ, രാജപുരം | ₹40000/-<br>22.10.2018 |
| 2 | ആൻസി സത്യദാസ്, വേങ്ങാപ്പാറയിൽ, രാജപുരം | ₹40000/-<br>11.03.2019 **(ബ്ലോക്ക്പഞ്ചായത്ത് വിഹിതം)** |

ഭവന വേല പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

### 1-21 ആസ്തി രജിസ്റ്ററുകൾ സർക്കാർ സർക്കുലർ അനുസരിച്ച് പരിപാലിക്കുന്നില്ല

13.01.2010ലെ സർക്കുലർ നമ്പർ 58608/ഡി.ബി.-2/2009/ത.സ്വ.ഭവ പ്രകാരം ആസ്തി രജിസ്റ്ററുകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സൂക്ഷിക്കേണ്ടതെങ്ങനെയെന്ന് വ്യക്തമായി നിർദ്ദേശിക്കുന്നു. ആസ്തികളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമുള്ള പദ്ധതികൾ ആസൂത്രണം ചെയ്യുന്നതും ഫണ്ട് അനുവദിക്കുന്നതും ആസ്തി രജിസ്റ്ററിൽ നിന്നുള്ള വിവരങ്ങളെ അടിസ്ഥാനമാക്കി നിശ്ചയിക്കുന്ന മാനദണ്ഡങ്ങൾ പ്രകാരമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അക്കൗണ്ടിംഗ് ഡബിൾ എൻട്രി സിസ്റ്റത്തിലേയ്ക്ക് മാറിയപ്പോൾ ആസ്തികളുടെ മൂല്യം കണക്കാക്കി വാർഷിക ധനകാര്യ പത്രികയുടെ ഭാഗമാക്കി രേഖപ്പെടുത്തേണ്ടതാണ്. ആസ്തികളുടെ വിവരങ്ങൾ നാല് രജിസ്റ്ററുകളിലായി പത്ത് ഫോറങ്ങളിൽ യഥാക്രമം ഭൂമി, കെട്ടിടങ്ങൾ, റോഡുകൾ, ലെയ് നുകൾ, കലുങ്കുകൾ, പാലങ്ങൾ, കുടിവെള്ളം, ജലസേചനം, വൈദ്യുതി, മാലിന്യസംസ്കരണം, ജംഗമവസ്തുക്കളുടെ വിവരണം, എന്നിങ്ങനെ രേഖപ്പെടുത്തേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ ആസ്തി രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും ഇവ സൂക്ഷിച്ചിരിയ്ക്കുന്നത് സർക്കാരിന്റെ നിർദ്ദേശങ്ങൾ പാലിച്ചല്ല എന്ന് വ്യക്തമാണ്. ആസ്തി രജിസ്റ്ററിലെ വിവരങ്ങൾ അപൂർണ്ണവുമാണ്. പുതിയതായി ആർജ്ജിച്ചതോ, കൈയ്യൊഴിഞ്ഞതോ ആയ ആസ്തികളുടെ വിവരങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല. ആസ്തി രജിസ്റ്ററുകൾ നാളിതുവരെയുള്ളവ പുതുക്കി സർക്കാർ സർക്കുലറിൽ പറഞ്ഞ പ്രകാരമുള്ള ഫാറങ്ങൾ സൂക്ഷിയ്ക്കാനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-22 ഡെപ്പോസിറ്റ് രജിസ്റ്റർ സൂക്ഷിപ്പ് തൃപ്തികരമല്ല

ഗ്രാമപഞ്ചായത്തിൽ പരിപാലിച്ചിരിക്കുന്ന ഡെപ്പോസിറ്റ് രജിസ്റ്ററിൽ ആവശ്യമായ ചേർക്കലുകൾ നടത്തി സൂക്ഷിക്കുന്നില്ല. വിവിധ ഇനങ്ങളിലുള്ള ഡെപ്പോസിറ്റുകൾ റീഫണ്ട് ചെയ്യുമ്പോൾ ആയതിന്റെ വിവരം രജിസ്റ്ററിൽ രേഖപ്പെടുത്തി ക്ലോസ് ചെയ്യേണ്ടതാണ്. രജിസ്റ്റർ പൂർത്തീകരിച്ചിട്ടില്ലാത്തതിനാൽ വാർഷിക കണക്കിൽ ഡെപ്പോസിറ്റ് ഇനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന തുകകളുടെ കൃത്യത വ്യക്തമായിട്ടില്ല. ഇ.എം.ഡി. റീ-ഫണ്ട് ചെയ്യുന്നത് രജിസ്റ്ററിൽ ചേർക്കുന്നില്ല. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം/വ്യക്തി | തുക/ഒടുക്കിയ രസീത് നം. | തുക/തിരികെ കൊടുത്ത വൗച്ചർ നമ്പർ വിവരം |
|---|---|---|---|
| 1 | ഹൈടെക് കോൺക്രീറ്റ് ഇൻഡസ്ട്രീസ്, ചെറുതോണി, NREG വർക്കുകൾ | 11608103502/06-01-17 ₹5700/- | 21800058/30-04-18 ₹33,800/- |

| | | | |
|---|---|---|---|
| | -ടി- | 11608103503/06-01-17 ₹3700/- | 21800058/30-04-18 ₹33,800/- |
| | -ടി- | 11608103501/06-01-17 ₹4500/- | 21800058/30-04-18 ₹33,800/- |
| | -ടി- | 11608103500/06-01-17 ₹6400/- | 21800058/30-04-18 ₹33,800/- |
| | -ടി- | 11608103499/06-01-17 ₹3800/- | 21800058/30-04-18 ₹33,800/- |
| | -ടി- | 11608103498/06-01-17 ₹1600/- | 21800058/30-04-18 ₹33,800/- |
| | -ടി- | 11608103497/06-01-17 ₹2900/- | 21800058/30-04-18 ₹33,800/- |
| | -ടി- | 11608103496/06-01-17 ₹5200 | 21800058/30-04-18 ₹33,800/- |
| 2 | അഭിജിത് സുരേഷ് യോഗ പരിശീലനം | 11708103730/25-01-18 ₹5000/- | 21800046/30-04-18 ₹5000/- |
| 3 | സജി. ഇ.കെ, യോഗ പരിശീലനം | 11708103731/25-01-18 ₹5000/- | 21800045/30-04-18 ₹5000/- |
| 4 | മൈക്രോവേ എക്വിപ്പ്മെന്റ് ബാലരാമപുരം വേയിംഗ് മെഷീൻ | 11708104583/17-02-18 ₹2500/- | 21800043/30-04-18 ₹2500/- |

സർക്കാർ നിർദ്ദേശങ്ങൾക്ക് അനസൃതമായി രജിസ്റ്ററുകൾ പരിപാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-23 പദ്ധതി മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി സോളിംഗ് മാത്രമായി നടപ്പാക്കുന്നു

റോഡ് നിർമ്മാണ വെളയിൽ സോളിംഗിന് മാത്രമായി പ്രത്യേക പ്രോജക്ട് ആവിഷ്കരിച്ച് നടപ്പാക്കരുതെന്ന് സർക്കാർ പദ്ധതി മാർഗ്ഗ് നിർദ്ദേശങ്ങളിലൂടെ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ ചുവടെ ചേർത്തിരിക്കുന്ന പദ്ധതി സോളിംഗിന് വേണ്ടി മാത്രം ആവിഷ്കരിച്ചതായി കാണുന്നു.

| പ്രോജക്ട് & നമ്പർ | ബിൽ നം. & തീയതി |
|---|---|

| | |
|---|---|
| | |
| വാഴചാരിപ്പടി പ്രകാശ് റോഡ് സോളിംഗ് – (211/19) | 107/18-19, തീ. 26.03.2019 ₹2,49,340/- |

സോളിംഗിന് മാത്രമായി പ്രത്യേക പ്രോജക്ട് ആവിഷ്കരിക്കാതെ, ടാറിംഗ് വേലകൾ ഉൾപ്പെടുത്തി നിർമ്മാണം പൂർത്തീകരിക്കത്തക്ക വിധത്തിൽ പ്രോജക്ടുകൾ നടപ്പാക്കി തുടർ വർഷങ്ങളിലുണ്ടാകാവുന്ന അധിക ചെലവുകൾ ഒഴിവാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽ പ്രവർത്തികളിൽ ടാറിംഗ് നടത്താൻ അടിയന്തിരമായി പദ്ധതികൾ തയ്യാറാക്കി പ്രവർത്തി പൂർത്തീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

### 1-24 സർക്കാർ ഉത്തരവിന് വിരുദ്ധമായി 'ശ്രദ്ധ' എന്ന പേരിൽ വയോജനങ്ങൾക്ക് മെഡിക്കൽ ക്യാമ്പും ബോധവൽക്കരണവും

മെഡിക്കൽ ഓഫീസർ വാത്തിക്കുടി സി.എച്ച്.സി. നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതി സർക്കാർ ഉത്തരവ് (എം.എസ്) നമ്പർ 80/2017/ത.സ്വ.ഭ.വ./തീയതി. 03.04.2017, സർക്കാർ ഉത്തരവ്(എം.എസ്)നം. 22/2018/ത.സ്വ.ഭ.വ./തീയതി. 14.02.2018 എന്നിവകൾ പ്രകാരമുള്ള നിർദേശങ്ങൾക്ക് വിരുദ്ധമായാണ് നടപ്പാക്കിയിരിക്കുന്നത്.

| | |
|---|---|
| നിർവ്വഹണം | മെഡിക്കൽ ഓഫീസർ, സി.എച്ച്.സി |
| പദ്ധതി നം. | 10/2018-2019 |
| പദ്ധതിയുടെ പേര് | ശ്രദ്ധ - വയോജനങ്ങൾക്കുള്ള മെഡിക്കൽ ക്യാമ്പും ബോധവൽക്കരണവും |
| പദ്ധതി അടങ്കൽ | ₹6,50,000/- |
| ചെലവ് | ₹6,50,000/- |
| ബിൽ നം. | 05/18-19/തീ.28-01-2019 ₹88,344/-<br>06/18-19/തീ.06-02-2019 ₹3,71,365/-<br>09/18-19/തീ.27-03-2019 ₹1,90,291/- |

മേൽ (1) സർക്കാർ ഉത്തരവിലെ താഴെ വ്യക്തമാക്കുന്ന നിർദ്ദേശങ്ങൾക്ക് വിരുദ്ധമായാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്.

1. ഖണ്ഡിക 12.7 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവൽക്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ ഉല്ലാസ പഠന യാത്രകൾ, സമ്മേളനങ്ങൾ, ആദരിക്കൽ തുടങ്ങിയവകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പദ്ധതിയുടെ ഭാഗമായി ഏറ്റെടുക്കുവാൻപാടില്ല.
2. ഖണ്ഡിക 2.2 പ്രകാരം മാർഗ രേഖയിൽ പ്രതിപാദിച്ചിട്ടില്ലാത്ത പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്. ആയതിന് ശേഷം മാത്രമേ പദ്ധതി തയ്യാറാക്കാവൂ.
3. ഖണ്ഡിക 2.3 പ്രകാരം സബ്സിഡി മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കുന്നതാണ്.
4. ഖണ്ഡിക 12.4 ആരോഗ്യ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെ മരുന്നുകൾ വാങ്ങാനോ, മരുന്നിനു വേണ്ടി തുക ചെലവഴിക്കാനോ പാടില്ല. മേൽ (2) സർക്കാർ ഉത്തരവിലെ ഖഡിക 8.4ൽ വ്യക്തമാക്കുന്ന നിർദ്ദേശങ്ങൾക്കും വിരുദ്ധമായാണ് ടി പ്രോജക്ട് നടപ്പിലാക്കിയിരിക്കുന്നത് എന്നും കാണുന്നു.

പ്രോജക്ട് പ്രകാരം വയോജനങ്ങൾക്ക് സ്പെഷ്യൽ മെഡിക്കൽ ക്യാമ്പ്, മൊബിലൈസേഷൻ, മെഡിസിൻ, ഓർത്തോ ഉപകരണങ്ങൽ, ബോധവല്കരണവും എന്ന പദ്ധതിക്കാണ് അംഗീകാരം ലഭിച്ചിരിക്കുന്നത്. കൂടാതെ പദ്ധതിയുടെ പ്രോജക്ട് റിപ്പോർട്ട് പ്രകാരം സൗജന്യ മെഡിക്കൽ ക്യാമ്പാണ് നടത്തിയിരിക്കുന്നത്. വയോജനങ്ങൾക്ക് വിവിധ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ക്രീനിംഗ് ടെസ്റ്റ് നടത്തുന്നതിനും ആയതിന്റെ അനുബന്ധ ചെലവുകൾക്കുമായാണ് പണം വിനിയോഗിച്ചിരിക്കുന്നത്. മുൻ വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലും ഇക്കാര്യം ചൂണ്ടികാണിച്ചിരുന്നെങ്കിലും തുടർന്നും നിയമവിരുദ്ധമായ പ്രോജക്ട് നടപ്പാക്കിയതിന് വിശദീകരണം നൽകേണ്ടതാണ് എന്നാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4)ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

സർക്കാർ ഉത്തരവ് (എം.എസ്)നം.22/2018/ത.സ്വ.ഭ.വ./തീയതി. 14.02.2018 ഖണ്ഡിക 8.4 പ്രകാരം ഉത്പാദനപരമല്ലാത്ത പരിപാടികളായ ബോധവല്കരണ ക്യാമ്പയിനുകൾ, ക്യാമ്പുകൾ, മേളകൾ, ഉത്സവങ്ങൾ, സെമിനാറുകൾ ഉല്ലാസ പഠന യാത്രകൾ, സമ്മേളനങ്ങൾ, കമാനങ്ങൾ നിർമ്മാണം തുടങ്ങിയവകൾ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വികസനഫണ്ട് ഉപയോഗിച്ച് ഏറ്റെടുക്കുവാൻ പാടില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. മേൽ സർക്കാർ ഉത്തരവുകൾക്ക് വിരുദ്ധമായാണ് പദ്ധതി നടപ്പാക്കിയിരിക്കുന്നത്. ഫയലുകൾ പരിശോധിച്ചതിൽ വയോജനങ്ങൾക്ക് വിവിധ സഹായ ഉപകരണങ്ങൾ വാങ്ങുന്നതിനും സ്ക്രീനിംഗ് ടെസ്റ്റ് നടത്തുന്നതിനും മരുന്നുകൾ വാങ്ങുന്നതിനും ആയതിന്റെ അനുബന്ധ ചെലവുകൾക്കുമായാണ് പണം വിനിയോഗിച്ചിരിക്കുന്നത്.

സർക്കാർ മാനദണ്ഡങ്ങൾ ലംഘിച്ച് പദ്ധതി നടപ്പാക്കുക വഴി തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട്

ദുർവിനിയോഗം ചെയ്തിരിക്കുന്നു. ആയതിനാൽ ₹6,50,000/-യുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

### 1-25 അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി മുൻവർഷത്തെ പദ്ധതി പൂർത്തിയാക്കാതെ അതേ പദ്ധതി തൻവർഷം നടപ്പാക്കി

അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി മുൻവർഷത്തെ പൂർത്തിയാക്കാതെ അതേ പദ്ധതി തൻവർഷം നടപ്പാക്കിയതിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രൊജക്ട് & നമ്പർ | അടങ്കൽ | ബിൽ നം. & തീയതി/തുക |
|---|---|---|
| തോപ്രാംകുടി ബസ് സ്റ്റാന്റ് ടോയ് ലെറ്റ് നിർമ്മാണം (203/19) | ധനകാര്യ കമ്മീഷൻ അവാർഡ് ₹1,00,000/- | 89/18-1/16-03-19 ₹95,759/- |
| - ടി - | സംസ്ഥാനാവിഷ്കൃത ഫണ്ട് ₹5,40,000/- | 1504/21-03-2019 ₹5,40,000/- |
| | ആകെ | ₹6,35,759/- |

2005-ൽ ശുചിത്വമിഷന്റെ ഫണ്ടുപയോഗിച്ച് തോപ്രാംകുടി ബസ് സ്റ്റാന്റിൽ നിർമ്മിച്ച ശുചിമുറി നിർമ്മാണശേഷം ജല-വൈദ്യുതി കണക്ഷനുകളും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കാത്തതിനാൽ ഉപയോഗശൂന്യമായി തുടരുകയാണ്. ലക്ഷങ്ങൾ മുടക്കി ശുചിമുറി നിർമ്മിച്ചിട്ട് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കി നാളിതുവരെ തുറന്ന് പ്രവർത്തിക്കാത്തത് പഞ്ചായത്ത് അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ വീഴ്ചയാണ്. എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിച്ച ബസ് സ്റ്റാന്റ് ഇതുവരെ പ്രവർത്തനം തുടങ്ങിയിട്ടില്ല.

പ്രസ്തുത വീഴ്ച പരിഹാരം കാണാതെ നിലനിൽക്കുമ്പോൾ തന്നെ തൻവർഷം അത്തരമൊരു പദ്ധതി വീണ്ടും ആവിഷ്കരിച്ച് നടപ്പാക്കിയത് ഗുരുതര വീഴ്ചയാണ്. മേൽപറഞ്ഞ സംഗതികൾ പഞ്ചായത്ത് ഭരണസമിതിയ്ക്കും അധികൃതർക്കും അറിവുണ്ടായിരിക്കെ ഇപ്രകാരമൊരു പദ്ധതി നടപ്പാക്കിയത് ഗ്രാമപഞ്ചായത്ത് ഫണ്ടിന്റെ ദുർവിനിയോഗമാണ്. ബസ് സ്റ്റാന്റും ആറ് ടോയ് ലെറ്റുകൾ ഉള്ള കോംപ്ലക്സും സ്ഥിതി ചെയ്യുന്ന സ്ഥലത്തിന്റെ

രേഖകൾ ആവശ്യപ്പെട്ടെങ്കിലും പരിശോധനയ്ക്ക് ലഭ്യമാക്കാത്തതിനാൽ പ്രസ്തുത സ്ഥലം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്ന് ഉറപ്പാക്കാനായില്ല.

പ്രസ്തുത അപാകതകൾ ചൂണ്ടിക്കാണിച്ച് വിയോജനക്കുറിപ്പ് നല്കി തൻവർഷ പദ്ധതി നടപ്പാക്കാതെ മുൻപദ്ധതി പൂർത്തിയാക്കേണ്ടത് നിർവഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ അസി. എഞ്ചിനീയറുടെ ഉത്തരവാദിത്വമായിരുന്നു. ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിയ്ക്ക് (നം.8). സൂചിത അപാകതകൾ ഭരണസമിതിയെ അക്കാലത്ത് ധരിപ്പിച്ചിട്ടുള്ളതാണെന്നും നിലവിൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടെന്നും 2019 ഡിസംബർ മാസത്തോടെ ബസ് സ്റ്റാന്റ് ഉത്ഘാടനം ചെയ്യുമ്പോഴേയ്ക്കും ടോയ് ലറ്റുകളും ഉപയോഗയോഗ്യമാക്കാമെന്നും അസി. എഞ്ചിനീയർ നൽകിയ മറുപടിയിൽ പറയുന്നുണ്ട്.

മേൽ പറഞ്ഞ അപാകതകളുടെ അടിസ്ഥാനത്തിൽ, ₹6,35,759/-ന്റെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 1-26 തുടർ പദ്ധതികളില്ലാതെ കെട്ടിടങ്ങൾ നിർമ്മിച്ചത്

ബാംബൂ നിർമ്മാണ യൂണിറ്റ് (65/19) ചെലവ് ₹5,98,624/-, ടെയ് ലറിംഗ് യൂണിറ്റ് (64/19) ചെലവ് ₹3,99,934/-, പകൽവീട് (134/19) ചെലവ് ₹4,00,880/- എന്നിവയ്ക്ക് വേണ്ടി തൻവർഷം മൂന്ന് കെട്ടിടങ്ങൾ പണി പൂർത്തിയാക്കിയിട്ടുണ്ട്. മൃഗാശുപത്രിയ്ക്ക് സമീപത്ത് നിർമ്മിച്ച പ്രസ്തുത കെട്ടിടങ്ങളുടെ തത് സ്ഥിതി അറിയാൻ സ്ഥലം നേരിട്ട് സന്ദർശിച്ചിരുന്നു. നിലവിലുള്ള ടെയ് ലറിംഗ് യൂണിറ്റിനോട് അനുബന്ധമായാണ് പുതിയ ടെയിലറിംഗ് യൂണിറ്റ് കെട്ടിടം നിർമ്മിച്ചതെങ്കിലും ഉപയോഗിക്കാതെ പൂട്ടിയിട്ടിരിക്കുകയാണ്. ആയതിനാൽ പുതിയ കെട്ടിടത്തിന്റെ ആവശ്യകതയെന്തെന്ന് വ്യക്തമല്ല. മറ്റ് രണ്ട് കെട്ടിടങ്ങളുടെ അവസ്ഥയും വ്യത്യസ്തമല്ല. ബാംബൂ യൂണിറ്റിന്റെ നിർമ്മാണത്തിലേയ്ക്ക് വഴിതെളിക്കേണ്ട അനിവാര്യതാ-പ്രായോഗികതാ പഠന റിപ്പോർട്ട് പഞ്ചായത്തിലില്ല. പകൽ വീടും ഉപയോഗിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടില്ല. ചുരുക്കത്തിൽ ഈ മൂന്ന് കെട്ടിടങ്ങളും നിഷ്ക്രിയ ആസ്തികളായി മാറിക്കൊണ്ടിരിക്കുകയാണ്.

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ടി കെട്ടിടങ്ങൾ ഉപയോഗപ്രദമാക്കുവാൻ അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. സ്വീകരിച്ച നടപടികൾ അടിയന്തിരമായി ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം, യാതൊരു പഠനവും നടത്താതെ പണം ചെലവഴിക്കുന്നതിന് വേണ്ടി മാത്രം നിർമ്മാണം നടത്തി ഗ്രാമപഞ്ചായത്ത് ഫണ്ടിന് പാഴ്ച്ചെലവ് വരുത്തിവച്ച പഞ്ചായത്ത് അധികൃതർക്കെതിരെ സർചാർജ് നടപടിയ്ക്ക് ശുപാർശ ചെയ്യുന്നതാണ്.

## 1-27 2 കോടിയിലേറെ ചെലവഴിച്ചിട്ടും പണി തീരാത്ത ഷോപ്പിംഗ് കോംപ്ലക്സ്

കെ.യു.ആർ.ഡി.എഫ്.സി-യിൽ നിന്ന് ₹2,80,00,000/- വായ്പ തുകയും തനത് ഫണ്ടിൽ നിന്ന് ₹20,00,000/-യും

ഉൾപ്പെടുത്തി 2014-15 വർഷത്തിൽ ആവിഷ്കരിച്ച പദ്ധതിയാണിത് (വിശദാംശങ്ങൾ മുൻവർഷ റിപ്പോർട്ടിലെ ഖണ്ഡിക 3-8-ൽ). സംസ്ഥാന നിർമ്മിതി കേന്ദ്രത്തിന് നിർവ്വഹണ ചുമതലയുള്ള പദ്ധതിയുടെ പൂർത്തീകരണ കാലാവധി 2 വർഷമായിരുന്നു. 15.03.2017ൽ കരാർ കാലാവധി അവസാനിച്ച പദ്ധതിക്കുവേണ്ടി നിർവ്വഹണ ഉദ്യോഗസ്ഥനായ അസി. എഞ്ചിനീയർ തൻവർഷം ചെലവഴിച്ചതുൾപ്പെടെ (₹37,21,266/-, ചെക്ക് നം.1981/23-10-18) നാളിതുവരെ ₹2,48,95,078/- ചെലവഴിച്ചിട്ടുണ്ട്. ഗണ്യമായ തുക ചെലവഴിച്ചിട്ടും ഷോപ്പിംഗ് കോംപ്ലക്സിന്റെ പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിക്കുവാൻ കഴിയാത്തത് ഗുരുതര വീഴ്ചയാണ്.

വായ്പ തുകയുടെ പലിശയിനത്തിൽ കെ.യു.ആർ.ഡി.എഫ്.സി-യ്ക്ക് പ്രതിവർഷം ഗണ്യമായ തുക ഗ്രാമപഞ്ചായത്ത് ഒടുക്ക് വരുത്തുന്നുണ്ട്. ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണം അനന്തമായി നീളുന്നതുമൂലം ഗ്രാമപഞ്ചായത്തിന് വൻ സാമ്പത്തിക ബാധ്യതയാണുണ്ടാകുന്നത്. പദ്ധതി സമയബന്ധിതമായി പൂർത്തീകരിച്ച് ഷോപ്പിംഗ് കോംപ്ലക്സ് മുറികൾ ലേലം ചെയ്ത് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണ സമിതി അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

### 1-28 വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു

പൊതു മരാമത്ത് മാന്വൽ സെക്ഷൻ 2012നെ അടിസ്ഥാനമാക്കി തയ്യാറാക്കിയ മരാമത്ത് പ്രവൃത്തികൾക്കുള്ള കരാറിലെ വ്യവസ്ഥകൾ (5, 6, 7) പ്രകാരം കരാറിൽ ഏർപ്പെട്ട് പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലമേറ്റു വാങ്ങുകയും സ്ഥലമേറ്റു വാങ്ങി പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതും കരാർ ഉടമ്പടിയുടെ ഭാഗമായി വച്ചിട്ടുള്ള പ്രവർത്തന കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ് എന്നും മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ ഇരുപത് ശതമാനം സമയം (അഞ്ചിൽ ഒന്ന്) കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണെന്നും അതിൽ കൂടുതൽ വരുന്ന മൂന്നുമാസം വരെ സമയം, കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർ തുകയുടെ രണ്ടു ശതമാനം വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടി കൊടുക്കാൻ സാധിക്കൂ.

തൻവർഷം വാത്തിക്കുടി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ഏതാനും പ്രവൃത്തികളിൽ, തക്കതായ കാരണങ്ങളാൽ അനുവദിക്കാവുന്ന 20% ഇളവും കൂടി അനുവദിച്ചാൽ പോലും വേല പൂർത്തിയാക്കേണ്ട തീയതിയ്ക്ക് ശേഷം പ്രത്യേക കാരണങ്ങൾ സൂചിപ്പിക്കാതെ അനധികൃതമായി കാലയളവ് നീട്ടി നല്കിയതായി കാണുന്നു. ഉഭയകക്ഷി പ്രകാരമുള്ള കരാർ വ്യവസ്ഥകൾ പാലിക്കാൻ ഇരുകൂട്ടർക്കും ബാദ്ധ്യതയുണ്ട്. കരാർ വ്യവസ്ഥ പൂർണമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിന് വിരുദ്ധമായി, പിഴ ഈടാക്കാതെ

കാലാവധിയിൽ ഇളവ് അനുവദിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ അസി. എഞ്ചിനീയറുടെ വീഴ്ചയാണ്. ആയതുമൂലം ഗ്രാമപഞ്ചായത്തിനുണ്ടായ ₹95,197/-യുടെ നഷ്ടത്തിന്റെ വിശദാംശങ്ങൾ **ഖണ്ഡിക 3-1** ആയി ചേർക്കുന്നു.

## 1-29 ഓഡിറ്റ് ഇംപാക്ട് -അധികം നൽകിയ തുക തിരികെ ഈടാക്കി

വാത്തിക്കുടി ഗ്രാമപഞ്ചായത്തിലെ വാർഡ് 13ലെ വിധയത്തിൽപ്പടി 17 കമ്പനിപ്പടി റോഡ് പുനരുദ്ധാരണം (നം. 173/19) എന്ന പ്രോജക്റ്റിന് ശ്രീ. അബ്രഹാം എന്ന കരാറുകാരൻ എസ്റ്റിമേറ്റ് നിരക്കിനെക്കാൾ 1.5% കുറഞ്ഞ നിരക്കാണ് ടെണ്ടറിൽ രേഖപ്പെടുത്തിയിരുന്നെങ്കിലും ടെണ്ടർ കുറവ് വരുത്താതെയാണ് ഫൈനൽ ബിൽ തുക നൽകിയത് (ബിൽ നം.21/18-19(1),29.10.18). ഓഡിറ്റിൽ ചൂണ്ടിക്കാട്ടിയതിനെ തുടർന്ന് അധികമായി നൽകിയ ₹4,006/- തിരികെ ഈടാക്കി 24.10.2019-ലെ KL008051945201920M നമ്പർ ചെലാൻ പ്രകാരം സർക്കാരിലേക്ക് ഒടുക്കിയിട്ടുണ്ട്.

## 1-30 ലൈഫ് പദ്ധതി -അവലോകനം

**a) ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ**

2018-19 വർഷം ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ഗുണഭോക്താക്കളുടെ വിശദാംശങ്ങൾ | ജനറൽ | എസ്.സി | എസ്.ററി | ആകെ |
|---|---|---|---|---|
| കരാർ വച്ചത് | 91 | | 3 | 94 |
| പണി ആരംഭിക്കാത്തവർ | 1 | | 1 | 2 |
| ലിന്റൽ തീർന്നത് | 2 | 0 | 1 | 3 |
| മേൽക്കൂര തീർന്നത് | 4 | - | 1 | 5 |
| പണി പൂർത്തീകരിച്ചത് | 84 | - | - | 84 |

**b) ഫണ്ട് വിശദാംശങ്ങൾ**

2018-19 വർഷം ലൈഫ് പദ്ധതിയ്ക്ക് വിവധ മേഖലകളിൽ നിന്ന് ലഭ്യമായ ഫണ്ടിനങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വിഭാഗം | | പ്ലാൻ വിഹിതം | ബ്ലോക്ക് വിഹിതം | ജില്ലാപഞ്ചായത്ത് വിഹിതം | സ്റ്റേറ്റ് വിഹിതം | ലോൺ | ആകെ ₹ |
|---|---|---|---|---|---|---|---|
| ജനറൽ | അലോട്ട്മെന്റ് | 4445400 | 1820704 | 1295803 | 0 | 17771285 | 25333192 |
| | എക്സ്പെൻഡിച്ചർ | 4445400 | 1817800 | 1295803 | 0 | 17770000 | 25329003 |
| | ബാലൻസ് | 0 | 2904 | 0 | 0 | | 4189 |
| എസ്.സി | അലോട്ട്മെന്റ് | 0 | 166600 | 0 | 0 | 0 | 166600 |
| | എക്സ്പെൻഡിച്ചർ | 0 | ഇല്ല | 0 | 0 | 0 | 0 |
| | ബാലൻസ് | 0 | 166600 | 0 | 0 | 0 | 166600 |
| എസ്.ടി | അലോട്ട്മെന്റ് | 0 | 433300 | 0 | 0 | 120000 | 553300 |
| | എക്സ്പെൻഡിച്ചർ | 0 | 0 | 0 | 0 | 120000 | 120000 |
| | ബാലൻസ് | 0 | 433300 | 0 | 0 | 0 | 433300 |

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഈ ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

- ഇല്ല

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 വ്യവസ്ഥ പ്രകാരമുള്ള പിഴ ഈടാക്കാതെ ക്രമവിരുദ്ധമായി കാലാവധിയിൽ ഇളവ് അനുവദിച്ചു

പൊതുമരാമത്ത് മാന്വൽ സെക്ഷൻ 2012നെ അടിസ്ഥാനമാക്കി തയ്യാറാക്കിയ മരാമത്ത് പ്രവൃത്തികൾക്കുള്ള കരാറിലെ വ്യവസ്ഥകൾ (5,6,7) പ്രകാരം കരാറിൽ ഏർപ്പെട്ട് പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി നടത്തുന്നതിനായി സ്ഥലമേറ്റു വാങ്ങുകയും, സ്ഥലമേറ്റു വാങ്ങി പത്ത് ദിവസത്തിനുള്ളിൽ പ്രവൃത്തി ആരംഭിക്കേണ്ടതും കരാറുടമ്പടിയുടെ ഭാഗമായി വച്ചിട്ടുള്ള പ്രവർത്തന കലണ്ടർ പ്രകാരം നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കേണ്ടതുമാണ് എന്നും മുൻകൂട്ടി കാണാൻ കഴിയാത്ത കാരണങ്ങളാൽ നിശ്ചിത സമയത്തിനുള്ളിൽ പ്രവൃത്തി പൂർത്തിയാക്കാൻ സാധിച്ചില്ലെങ്കിൽ നിശ്ചിത കാലാവധിയുടെ ഇരുപത് ശതമാനം സമയം(അഞ്ചിൽഒന്ന്) കൂടി പിഴയില്ലാതെ അനുവദിക്കുന്നതാണെന്നും അതിൽ കൂടുതൽ വരുന്ന മൂന്നുമാസം വരെ സമയം, കരാർ തുകയുടെ ഒരു ശതമാനം പിഴ ചുമത്തിക്കൊണ്ടും പിന്നീട് വേണ്ടി വരുന്ന ഓരോ മൂന്നു മാസത്തിനും കരാർതുകയുടെ രണ്ടു ശതമാനം വീതം പിഴ ചുമത്തിക്കൊണ്ടും മാത്രമേ കാലാവധി നീട്ടി കൊടുക്കാൻ സാധിക്കുകയുള്ളൂ.

തൻവർഷം വാത്തിക്കുടി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ ചുവടെ ചേർക്കുന്ന ഏതാനും പ്രവൃത്തികളിൽ, തക്കതായ കാരണങ്ങളാൽ അനുവദിക്കാവുന്ന 20% ഇളവും കൂടി അനുവദിച്ചാൽ പോലും വേല പൂർത്തിയാക്കേണ്ട തീയതിയ്ക്ക് ശേഷം പ്രത്യേക കാരണങ്ങൾ സൂചിപ്പിക്കാതെ അനധികൃതമായി കാലയളവ് നീട്ടി നല്കിയതായി കാണുന്നു(കാലയളവ് നീട്ടി നല്കിയതായി രേഖപ്പെടുത്തലുകൾ വരുത്തിയിട്ടില്ല). വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ ബിൽ നം. | കരാറുകാരൻ/ എം. ബുക്ക് നം. | കരാർ നം./ പൂർത്തീകരണ കാലാവധി | കരാർ തുക (₹) | 20% ഇളവ് അടക്കം വേല പൂർത്തിയാക്കേണ്ട തീയതി | പൂർത്തി കരിച്ച തീയതി | ഈടാ ക്കേണ്ട പിഴ (₹) | റിമാർക്സ് |
|---|---|---|---|---|---|---|---|
| ആട്ടുകഴിപടി 17 കമ്പനി മന്നാത്തറ റോഡ് പുനരുദ്ധാരണം (172/19) 109/18-19, 26-03-19 ₹126686/- 110/18-19, 26-03-19 ₹714705 | അനൂപ് ജോർജ് 63/17-18 | 68/AE/ LSGD/ VTY/17-18/ 31-03-18, (ടെണ്ടർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി- 30-06-18) | 1058545.68 | 19-07-2018 | 16.03.19 | 52927 | 20-07-2018ൽ ഈടാക്കേണ്ട പിഴ(1%) -10585 20-10-2018-ൽ ഈടാക്കേണ്ട പിഴ(2%) -21171 20-01-2019-ൽ ഈടാക്കേണ്ട പിഴ(2%) -21171 ആകെ–52927 |

| | | | | | | | |
|---|---|---|---|---|---|---|---|
| പാറ സിറ്റി കൊല്ലംതാഴം പടി റോഡ് (183/19) 12/18-19, 11-03-19 ₹343019/- | ജോർജ് ജോസഫ് 46/17-18 | 55/AE/ LSGD/ VTY/17-18/ 17-01-2018, (ടെണ്ടർ പ്രകാരം പൂർത്തീകരിക്കേണ്ട തീയതി.31-03-18) | 410145.69 | 15-04-18 | 19.03.19 | 28710 | 16-04-2018ൽ ഈടാക്കേണ്ട പിഴ(1%)-4101 16-07-2018-ൽ ഈടാക്കേണ്ട പിഴ(2%)-8203 16-10-2018-ൽ ഈടാക്കേണ്ട പിഴ(2%)-8203 16-01-2019-ൽ ഈടാക്കേണ്ട പിഴ(2%)-8203 ആകെ–28710 |
| ചെമ്പകപ്പാറ കള്ളിപ്പാറ റോഡ് ടാറിംഗ് (174/19) 18/18-19, 18-07-18 ₹438657/- | എ. എ. അബ്രാഹം 55/17-18 | 6/AE/ LSGD/ VTY/17-18/ 31-08-17, 120 ദിവസം | 451989 | 11.02.18 | 25.05.18 | 13560 | 12-02-2018ൽ ഈടാക്കേണ്ട പിഴ(1%)-4520 12-05-2018-ൽ ഈടാക്കേണ്ട പിഴ(2%)-9040 ആകെ–13560 |
| | | | | | ആകെ | 95197 | |

മേൽ പറഞ്ഞവയ്ക്ക് അപേക്ഷയില്ലാതെയാണ് ഇളവ് അനുവദിച്ചിരിക്കുന്നത്. പ്രവൃത്തി പൂർത്തിയാക്കാൻ വേണ്ട എല്ലാ പ്രാഥമിക തയ്യാറെടുപ്പുകളും നടത്തിയതിന് ശേഷം മാത്രമാണ് കോൺട്രാക്ടർ കരാറിൽ ഏർപ്പെടുന്നത്. ആയതിനാൽ മേൽ സൂചിത കാരണങ്ങളാൽ ഇളവ് അനുവദിക്കുന്നത് ക്രമവിരുദ്ധമാണ്. ഇത് സംബന്ധിച്ച് 11-ാം നമ്പരായി ഓഡിറ്റ് അന്വേഷണം നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല.

ഉഭയകക്ഷി പ്രകാരമുള്ള കരാർ വ്യവസ്ഥകൾ പാലിക്കാൻ രണ്ട് കക്ഷികൾക്കും ബാദ്ധ്യതയുണ്ട്. കരാർ വ്യവസ്ഥ പൂർണമായി പാലിക്കുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് നിർവ്വഹണ ഉദ്യോഗസ്ഥന്റെ ചുമതലയാണ്. ആയതിന് വിരുദ്ധമായി, പിഴ ഈടാക്കാതെ കാലാവധിയിൽ ഇളവ് അനുവദിച്ചത് നിർവ്വഹണ ഉദ്യോഗസ്ഥനെന്ന നിലയിൽ അസി. എഞ്ചിനീയറുടെ വീഴ്ചയാണ്. ആയതുമൂലം ഗ്രാമപഞ്ചായത്തിനുണ്ടായ ₹95,197/-യുടെ നഷ്ടം ബന്ധപ്പെട്ട കരാറുകാരിൽ നിന്ന് അന്തിമ ബിൽ തയ്യാറാക്കി തുക അനുവദിക്കുമ്പോൾ ഈടാക്കേണ്ടതായിരുന്നു. കരാറുകാരിൽ നിന്ന് പലിശ സഹിതം ഈടാക്കേണ്ടതാണ്. അല്ലാത്തപക്ഷം പ്രസ്തുത തുക ഉത്തരവാദിയായ അസി.

എഞ്ചിനീയറിൽ നിന്ന് ഈടാക്കേണ്ടതാണ്.

## ഭാഗം -4

## പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2018-19 | 12.06.2019 മുതൽ 13.06.2019 വരെ | കെ.എസ്.എ.-ഐ.ഡി.കെ.-3/520(48)/2019<br>തീയതി. 16.08.2019 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക ₹ | പ്രൊജക്ടിന്റെ പേര് | ചെലവ് ₹ | ബാലൻസ് ₹ |
|---|---|---|---|---|---|
| ജില്ലാപഞ്ചായത്ത് | 2018-19 | 2495803 | ലൈഫ് ഭവന പദ്ധതി | 2495803 | 0 |
| ബ്ലോക്ക്പഞ്ചായത്ത് | 2018-19 | 2084857 | ലൈഫ് ഭവന പദ്ധതി | 2084857 | 0 |

### 4-3 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

– ഇല്ല –

### 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

– ഇല്ല –

### 4-5 വായ്പ/വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് ലൈഫ് പദ്ധതി വായ്പയിനത്തിൽ ₹2,25,77,416/- വരവുണ്ട്. ആയത് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നം./ തീയതി | വായ്പ തുക ₹ | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കി യുണ്ടായിരുന്ന തുക ₹ | തൻവർഷം ലഭിച്ച തുക ₹ | തൻവർഷം തിരിച്ചടച്ച തുക ₹ | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക ₹ |
|---|---|---|---|---|---|---|---|
| | | | | | മുതൽ | പലിശ | |
| കെ.യു.ആർ. ഡി.എഫ്.സി.- ഷോപ്പിംഗ് കോംപ്ലക്സ് | സ.ഉ.(സാധാ) നം.1284/04/ ത.സ്വ.ഭ.വ. തീ. 29.04.2015 | 24000000 | 15530600 | 4136131 | 2514092 | 755063 | 17152639 |
| ജവഹർ ഭവന പദ്ധതി | സ.ഉ(സാധാ) നം.1577/15/ ത.സ്വ.ഭ.വ തീ. 27.07.2015 | 20550000 | 16082000 | 550000 | 1865874 | 738605 | 14766126 |
| ഇ.എം.എസ്. ഭവന പദ്ധതി | സ.ഉ.(സാധാ) നം.2150/2010/ ത.സ്വ.ഭ.വ തീ. 30.06.2010 | 16750000 | 1661120 | 0 | 1661120 | 0 | 0 |
| കെ.യു.ആർ. ഡി.എഫ്.സി.- ലൈഫ് ഭവന പദ്ധതി | | - | 0 | 17891285 | 0 | 0 | 17891285 |

**(**) ലോൺ രജിസ്റ്റർ അടിസ്ഥാനമാക്കിയാണ് മുന്നിരിപ്പ്/വരവ്/നീക്കിയിരിപ്പ് എന്നിവ എടുത്തിരിക്കുന്നത്.**

## 4-6 സ്ഥിര നിക്ഷേപം

- ഇല്ല -

## 4-7 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച ₹4,865/-യുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക ₹ | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രസീത് നമ്പർ തീയതി |
|---|---|---|---|---|

| | | | | |
|---|---|---|---|---|
| 2005-06 | 3-1 | 200 | ശ്രീ. കെ. എം. സലീം, സെക്രട്ടറി | 118080100880/10.05.2018 |
| 2005-06 | 2-1 | 12 | ശ്രീ. കെ. എം. സലീം, സെക്രട്ടറി | 118080100880/10.05.2018 |
| 2005-06 | 3-4(1) | 157 | ശ്രീ. കെ. എം. സലീം, സെക്രട്ടറി | 118080100880/10.05.2018 |
| 2006-07 | 3-2 | 496 | ശ്രീ. കെ. ജെ. ജോൺസൻ, സെക്രട്ടറി | 118080101798/22.06.2018 |
| 2009-10 | 3-5 | 4000 | ശ്രീ. സുരേഷ് ബാബു, സീനിയർ ക്ലാർക്ക് | 118080400018/19.01.2019 |

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23 വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1997-98 | 30 | 1999-2000 | | റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റ് - സാമ്പത്തികാനുകൂല്യം നല്കിയതിൽ ക്രമക്കേടുകൾ | ലഭ്യമാക്കിയിട്ടില്ല |
| 2003-04 | 3-6<br>3-7 | 2006-07 | 3.35.2 | ഓഡിറ്റ് സമയത്ത് വൗച്ചറുകൾ, ഫയലുകൾ, കൈപ്പറ്റ് രസീതുകൾ ഹാജരാക്കിയില്ല | |
| 2015-16 | 2-2 | 2015-16 | **അനുബന്ധം 4** പേജ് 180 | വസ്തു നികുതി അപാകതകൾ | ലഭ്യമാക്കിയിട്ടില്ല |

## 4-9 ചാർജ്/സർചാർജ് നടപടികളുടെ വിവരം

**(എ) ചാർജ് നടപടി വഴി ഈടാക്കിയ തുക**

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | ചാർജ്ജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ / തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ ₹ | | ആകെ ലഭിച്ച തുക ₹ | അവശേഷിക്കുന്ന തുക ₹ | റിമാർക്സ് ₹ |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) |
| 1 | 2008-09 | 2-3 | സി. സുധാകരൻ | എൽ.എഫ്.23456/ സ്പെ.സെൽ/സി. എസ്.സി./സി1/ 12/26.05.2015 | 117500 | - | ഇല്ല | - | - | - | 117500 | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം. | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തരവാദിയായ ഉദ്യോഗസ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണവകുപ്പ് | സർചാർജ്ജ് സർട്ടിഫിക്കറ്റ് ₹ | | സ്വയം അട വാക്കിയ തുക (രസീത് നമ്പർ/ തീയതി) | ഈ തുക പഞ്ചായ ത്തിന്റെ ഡിമാന്റിൽ ഉൾപ്പെട്ട ത്തിയി ട്ടുണ്ടോ? | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ ₹ | | ആകെ ലഭിച്ച തുക | അവശേഷിക്കുന്ന തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) | (10) | (11) | (12) | (13) | (14) |
| 1 | 1998-99 | 24 | സെക്രട്ടറി | എൽ.എഫ്. 13409/spl/ cell/(SC)02 12.09.2009 | 2981 | | ഇല്ല | | | | | 2981 | |
| 2 | 1998-99 | 27, 29 | ശ്രീമതി. ടി. എൻ. സുബൈദ സെക്രട്ടറി | എൽ.എഫ്. 13409/spl/ cell/(SC)02 12.09.2009 | 7595 | | | | | | | 7595 | |
| 3 | 2000-01 | 29(3) | ശ്രീ. ശെൽവരാജ് സെക്രട്ടറി | എൽ.എഫ്. 21921/ സ്പെ. സെൽ എസ്.സി.2004. തീ.03.12.2005 | 9552 | | | | | | | 9552 | |
| 4 | 2000-01 | 27 | ശ്രീ. ശെൽവരാജ് സെക്രട്ടറി | എൽ.എഫ്. 17465/ | 8680 | | | | | | | 8680 | |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | സ്പെ. സെൽ എസ്.സി.2/2008 തി.09.06.2009 | | | | | | | | | |
| 5 | 2007-08 | 3.13 | ഡോ. ബിനോദ് പി. ജി. വെറ്റി. സർജൻ | എൽ.എഫ്.-7500/ സ്പെ.സെൽ സി.എസ്.സി. 1/2012/ dt.23.08.2012 | 4800 | | | | | | | 4800 | |
| 6 | 2007-08 | 2.7 | ശ്രീ. ഡി. സുധാകരൻ സെക്രട്ടറി | എൽ.എഫ്.-7500/ സ്പെ.സെൽ സി.എസ്.സി. 1/2012/ dt.23.08.2012 | 3500 | | | | | | | 3500 | |
| 7 | 1997-98 | 21 | ശ്രീ. കെ. എൻ. അശോകൻ സെക്രട്ടറി | എൽ.എഫ്.- 20430/ സ്പെ.സെൽ/ എസ്.സി.1/2001 dt.13.12.2001 | 2000 | | | | | | | 2000 | |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹12,70,55,826 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹11,91,58,407 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ₹95,197 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹29,03,283 |

**(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക ₹ | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | - | 95197 | ശ്രീ. കെ. പി. വിജയൻ, അസി. എഞ്ചിനീയർ |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക ₹ | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-24 | 459709 | ഡോ. ചന്ദു എ. എസ്, മെഡിക്കലാഫീസർ, സി.എച്ച്.സി. വാത്തിക്കുടി |
| 1-24 | 190291 | ഡോ. രാഹുൽ രാമചന്ദ്രൻ, മെഡിക്കലാഫീസർ, സി.എച്ച്.സി, വാത്തിക്കുടി |
| 1-25 | 635759 | ശ്രീ. കെ. പി. വിജയൻ, അസി. എഞ്ചിനീയർ |
| 1-16 | 117524 | ശ്രീമതി. ജോസ്ന ജോസ്, കൃഷി ഓഫീസർ |
| 1-19 | 1500000 | ശ്രീ. സജീവ് പി. പി., അസി. സെക്രട്ടറി |

**(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

– ഇല്ല –

**(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

– ഇല്ല –

**(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ഡോ. ചന്ദു എ. എസ്, മെഡിക്കലാഫീസർ, സി.എച്ച്.സി. വാത്തിക്കുടി | ലഭ്യമല്ല | സൗഗന്ധികം, E-24, അർച്ചന നഗർ, പോങ്ങുംമൂട്, തിരുവനന്തപുരം |

| | | |
|---|---|---|
| ഡോ.രാഹുൽ രാമചന്ദ്രൻ,<br>മെഡിക്കലാഫീസർ,<br>സി.എച്ച്.സി., വാത്തിക്കുടി | മെഡിക്കലാഫീസർ<br>പി.എച്ച്.സി, കഞ്ഞിക്കുഴി | കളപ്പുരപറമ്പിൽ,<br>ഞീഴൂർ, തിരുവമ്പാടി,<br>കോട്ടയം |
| ശ്രീ. കെ. പി. വിജയൻ,<br>അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ,<br>വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | കരാട്ടുകുടിയിൽ വീട്<br>മില്ലുംപടി, 200 ഏക്കർ<br>മന്നാംകണ്ടം പി. ഒ.<br>അടിമാലി – 685561 |
| ശ്രീ. സജീവ് പി. പി.<br>അസി. സെക്രട്ടറി | അസി. സെക്രട്ടറി<br>വാത്തിക്കുടി ഗ്രാമപഞ്ചായത്ത് | പറങ്കിവേലിൽ<br>പതിനാറാംകണ്ടം പി. ഒ.<br>പതിനാറാംകണ്ടം |
| ശ്രീമതി. ജോസ്ന ജോസ്<br>കൃഷി ഓഫീസർ | കൃഷി ഓഫീസർ<br>വാത്തിക്കുടി | തെക്കേടത്ത് വീട്<br>കുടയത്തൂർ പി. ഒ.<br>17-ാം മൈൽ, ഇടുക്കി ജില്ല |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| വർഷം | ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ | |
|---|---|---|---|
| | | എണ്ണം | നം. |
| 1997-98 | LFI-13/745/18തീ.26.06.18 | 2 | 21, 35 |
| 1998-99 | LFI-13/745/18തീ.26.06.18 | 3 | 24, 27, 29 |
| 1999-00 | LFI-13/745/18തീ.26.06.18 | 1 | 27 |
| 2000-01 | LFI-13/745/18തീ.26.06.18 | 3 | 27, 28, 29(b) |
| 2001-02 | LFI-13/745/18തീ.26.06.18 | 1 | 2-5(b) |
| 2002-03 | LFI-13/745/18തീ.26.06.18 | 1 | 3 – 5 |
| 2003-04 | LFI-13/745/18 തീ.26.06.18 | 2 | 2-5, 2-7 |
| 2005-06 | LFI-13/745/18 തീ.26.06.18 | 2 | 3-6, 3-7 |
| 2006-07 | LFI-10/1027/09/തീ.03.11.09 | 11 | 2-1, 2-2, 2-3, 2-4, 3-1,<br>3-2, 3-3, 3-4, 3-5, 3-6, 3-7 |
| 2007-08 | LFI-13/389/11/തീ. 11.10.11 | 26 | 2-1, 2-2, 2-3, 2-4, 2-5, 2-6,<br>2-7, 2-8, 3-1, 3-2, 3-3, 3-4, |

| | | | |
|---|---|---|---|
| | | | 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18 |
| 2008-09 | LFI-13/437/12/തീ.25.09.12 | 29 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 2-9, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20 |
| 2009-10 | LFI-13/566/11/തീ.13.03.12 | 24 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |
| 2010-11 | LFI-13/1446/ 15 തീ.13.05.16 | 23 | 2-1, 2-2, 2-3, 2-4, 2-5, 2-6, 2-7, 2-8, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17 |
| 2011-12 | LFI-13/1158/ 14 തീ.31.12.14 | 22 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16 |
| 2012-13 | KSA-IDK-13/801/15 തീ.04.04.16 | 24 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-15, 3-16, 3-17, 3-18, 3-19, 3-20, 3-21 |
| 2013-14 | KSA-IDK-13/187/15 തീ.09.05.16 | 12 | 2-1, 2-2, 2-3, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-9 |
| 2014-15 | KSA-IDK-13/1141/16/തീ.04.02.17 | 14 | 2-1, 2-2, 2-3, 2-4, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, |

| | | | |
|---|---|---|---|
| | | | 3-7, 3-8 |
| 2015-16 | KSA-IDK-13/440/17 തീ.18.04.17 | 9 | 1-12, 2-2, 2-3, 2-4, 3-1, 3-2, 3-3, 3-4, 3-5 |
| 2016-17 | KSA-IDK-13/1269/17 തീ.20.02.18 | 23 | 1-12, 2-1, 2-2, 2-3, 2-5, 2-6, 3-1, 3-2, 3-3, 3-4, 3-5, 3-6, 3-7, 3-8, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-17 |
| 2017-18 | KSA.IDK-13/1224/18/10.12.2018 | 8 | 2-1, 2-2, 3-1, 3-2, 3-4, 3-5, 3-7, 3-9 |

**ഡെപ്യൂട്ടി ഡയറക്ടർ**

**ഇടുക്കി**

**അനുബന്ധം – 1**

**ഓഡിറ്റ് സാക്ഷ്യപത്രം**

**നം.കെ.എസ്.എ.ഐ.ഡി.കെ-13/985/2019**

സംസ്ഥാന ഓഡിറ്റ്
വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
ഇടുക്കി, തൊടുപുഴ
Ph:04862-227332
20.11*E-mail:doidk.ksad@kerala.gov.in*
തീയതി: 03.01.2020

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ് 4, 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215, 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിന് വേണ്ടി കംപ് ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും **22.05.2018**ലെ (സാധാ)1413/2018/ത.സ്വ.ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും **ഇടുക്കി** ജില്ലയിലെ **വാത്തിക്കുടി** ഗ്രാമപഞ്ചായത്തിന്റെ **2018-19** സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ അഭിപ്രായത്തിൽ ഈ റിപ്പോർട്ടിൽ പരാമർശിച്ച അപാകതകൾ ഒഴികെ ഓഡിറ്റിന് ഹാജരാക്കിയ രേഖകൾ പരിശോധിച്ചതിൽ സ്ഥാപനത്തിന്റെ **2018-19**ലെ വാർഷിക ധനകാര്യപത്രിക കൃത്യവും പൂർണ്ണവുമായ വിവരം നൽകുന്നു.

**ഡെപ്യൂട്ടി ഡയറക്ടർ**
**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

ഇടുക്കി

**Annexure – 2**

**AUDIT CERTIFICATE**

**No.KSA-IDK-13/985/2019**

Office of the Senior Deputy Director of
Kerala State Audit Department
District Office, Idukki
Thodupuzha – 685 584
Phone : 04862-227332
*E-mail : doidk.ksad@kerala.gov.in*
Date. 03.01.2020

Certified that I have audited the Annual Financial Statement of **VATHIKKUDY** Grama Panchayat in **Idukki** District for the year ended on **31.03.2019** in accordance with Section 4 of the Kerala Local Fund Audit Act 1994, Section 215 of the Panchayat Raj Act 1994, the Court Order (Rt)1413/2018/LSGD, dated : 22.05.2018 the rules made under and the guidelines issued by the Comptroller and Auditor General of India for the purpose of audit of accounts in Panchayath Raj Institutions.

In my opinion, the Financial Statements of **VATHIKKUDY** Grama Panchayat for the **2018-19**, except the observations in my Audit Report Properly presents the picture of Income and Expenditure.

DEPUTY DIRECTOR
IDUKKI